# രാധാറാണി

RADHARANI

ജി. ശങ്കരക്കുറുപ്പ്

1187

SAHITYA PRAVARTHAKA C.S. LTD. KOTTAYAM



1187
JAWAHAR SMARAKA GRANDHASALA
Reg. No 3273
KIDARAKKUZHI, VENGANOOR

# രാധാറാണി

1187
JAWAHAR SMARAKA GRANDHASALA
Reg. No 3273
KIDARAKKUZHI, VENGANOOR

(Malayalam)

Radharani

A Story for Children

By G. SANKARA KURUP

Bhadralayam, Ernakulam

First Published May 1949

Reprinted March 1957, December 1962

Printed at

INDIA PRESS, KOTTAYAM

Price Re. 1.00

Rights Reserved

Publishers

**Sahitya Pravarthaka Co-operative Society Ltd., Kottayam, Kerala State**

Sales Department

NATIONAL BOOK STALL

**Kottayam Kerala State India**

---

ഇതിലെ കഥാതന്തു ബങ്കിംചന്ദ്രന്റെ ഒരു കഥാസമാഹാരത്തിൽനിന്നാണ് എടുത്തിട്ടുള്ളത്,

—ജി.

---

# രാധാറാണി

JAWAHAR... ARAKA GRAND...
Reg. No. 327
KIDARAKKUZHI...

ജി. ശങ്കരക്കുറുപ്പ്

1187

പ്രസാധകന്മാർ
**സാഹിത്യപ്രവർത്തക സഹകരണസംഘം**

നാഷനൽ ബുക്ക്സ്റ്റാൾ
കോട്ടയം

വില ക. 1.00

## 'ജി'യുടെ കൃതികൾ

| | |
|---|---|
| അന്തർദാഹം | (കവിതകൾ) |
| ചെങ്കതിരുകൾ | ,, |
| നവാതിഥി | ,, |
| ഇതളുകൾ | ,, |
| സാഹിത്യകൗതുകം (4 ഭാഗങ്ങൾ) | ,, |
| സൂര്യകാന്തി | ,, |
| പൂജാപുഷ്പം | ,, |
| പഥികന്റെ പാട്ട് | ,, |
| നിമിഷം | ,, |
| മുത്തുകൾ | ,, |
| വിശ്വദർശനം | ,, |
| പാഥേയം | ,, |
| വനഗായകൻ | ,, |
| ഓടക്കുഴൽ | ,, |
| വിലാസലഹരി (തർജ്ജമ) | (ഖണ്ഡകാവ്യം) |
| മേഘച്ഛായ ,, | ,, |
| സ്വാതന്ത്ര്യോദയം | ,, |
| ഇരുട്ടിനുമുമ്പ് | (നാടകം) |
| മദ്ധ്യമവ്യായോഗം (തർജ്ജമ) | ,, |
| മരിക്കാനും പിറക്കാനും പേടി (തർജ്ജമ) | ,, |
| സന്ധ്യ | ,, |
| ആഗസ്റ്റ് 15 | ,, |
| ഗദ്യോപഹാരം | (ലേഖനങ്ങൾ) |
| ലേഖമാല | ,, |
| രാക്കുയിലുകൾ | ,, |
| മുത്തും ചിപ്പിയും | ,, |
| ഇളം ചുണ്ടുകൾ | (ബാലസാഹിത്യം) |
| ഓലപ്പീപ്പി | ,, |
| രാജനന്ദിനി | (കഥ) |
| ഹരിശ്ചന്ദ്രൻ | ,, |
| രാധാറാണി | ,, |
| സാഹിത്യപരിചയം | (വ്യാകരണം) |
| ടാഗൂർ (തർജ്ജമ) | (ജീവചരിത്രം) |

S1400 B468 50/62-63 3-2000

# അദ്ധ്യായം 1

മഹേശ്വരപുരം ഗ്രാമത്തിൽ രഥോത്സവം പോലെ അത്ര കേമമായി കൊണ്ടാടാറുള്ള മറെറാരു ആഘോഷം ഇല്ല. വിദൂരവാസികൾപോലും യോഗനാഥന്റെ മഹാരഥം വലിച്ചുകൊണ്ടുപോകുന്ന മഹാമഹം കണ്ടു് ആനന്ദിക്കുവാൻ വന്നുചേരുക പതിവാണു്. ഒരിക്കൽ ഈ മഹോത്സവം കാണുന്നതിനു് രാധാറാണി എന്നൊരു ബാലിക ചെന്നിരുന്നു. അവൾക്കു് പതിനൊന്നു വയസ്സുതന്നെ ആയിരുന്നില്ല. രാധയുടെ മാതാപിതാക്കന്മാർ കുബേരപദവിയിൽ കഴിഞ്ഞുകൂടിയിരുന്ന ഒരു കാലം ഉണ്ടായിരുന്നു. ആ പ്രദേശത്തെ ഒരു കുലീനകുടുംബത്തിലാണു് ആ പെൺകുട്ടി ജനിച്ചതു്.

ഭാഗ്യം ഒരിക്കലും ഇണങ്ങാത്ത ഒരു കുതിരയാണല്ലോ. അതിനെ ആർക്കാണ് വിശ്വസിക്കാവുന്നതു്? പ്രതീക്ഷിച്ചിരിക്കാത്ത സന്ദർഭത്തിൽ, പ്രബലമായ ആ സത്വം തൻെറ പുറത്തിരിക്കുന്നവരെ നിലംപതിപ്പിച്ചു കുതിച്ചു പോകുന്നു. രാധാറാണിയുടെ പിതാവു് കാലധൎമ്മം പ്രാപിച്ചപ്പോൾ ഒരു ബന്ധു അവളുടെ വിധവയായ അമ്മയെ പ്രതിയാക്കി ഒരന്യായം കൊടുത്തു. കുടുംബസ്വത്തിനെ മുഴുവൻ ബാധിക്കുന്നതായിരുന്നു അതു്. കല്ക്കട്ടാ ഹൈക്കോടതിയിലെ വിധി അത്യാഗ്രഹിയും സ്വാൎത്ഥിയും ആയ വാദിക്കു് അനുകൂലമായിട്ടാണു് തീൎന്നതു്. ഉടനെ ആ നിർദ്ദയൻ വിധിനടത്തി. ശ്വശ്രുരഗൃഹത്തിൽനിന്നു് ആ അനാഥ ഇറങ്ങിപ്പോകേണ്ടിവരികയും ചെയ്തു.

ഏകദേശം പത്തുലക്ഷം ഉറുപ്പിക വിലവരുന്ന സ്ഥാവരസ്വത്തുണ്ടായിരുന്നതു് അങ്ങനെതന്നെ അന്യാധീനമായി. കൈവശമുണ്ടായിരുന്ന പണമൊക്കെ കേസ്സുനടത്താനും, നഷ്ടം കൊടുക്കാനുമായിട്ടു് ചെലവാകുകയും ചെയ്തു. എങ്കിലും, “സത്യം ഒടുവിൽ ജയിക്കും; അസത്യത്തിൻെറ താൽക്കാലികജയം സാരമില്ല” എന്നു വിശ്വസിച്ചിരുന്ന ആ ഭാഗ്യഹീന, രത്നാഭരണങ്ങളും മററുള്ള ജംഗമസ്വത്തുക്കളും വിററു്

ശീമയിൽ പ്രിവികൗൺസിലിൽ അപ്പീൽ കൊടുത്തു. പക്ഷേ, അമ്മയ്ക്കും മകൾക്കും നിത്യവൃത്തിക്കുള്ള വകപോലും അവശേഷിച്ചിരുന്നില്ല. ആ വിധവ കുടുംബംവകയായി ഉണ്ടായിരുന്ന വലിയ കളത്തിന്റെ ഒരു മൂലയ്ക്കൽ ചെറിയൊരു കുടിലിൽ ക്ലേശിച്ചു കഴിഞ്ഞുകൂടുകയായിരുന്നു. വേലചെയ്തു കൂലി വാങ്ങി ഉപജീവിക്കുവാൻ ശ്രമിച്ചിരുന്ന ആ മാതാവിന്നു് പുത്രിയുടെ വിവാഹാവസരത്തിലേക്കു് ഒന്നും നീക്കിവെയ്ക്കുവാൻ സാധിച്ചിരുന്നില്ല.

ആപത്തു് ഒററയ്ക്കു വരിക അപൂർവ്വമാണല്ലോ. അവരുടെ ദൗർഭാഗ്യം തികയുവാൻ ആ സ്ത്രീ അചിരേണ രോഗപീഡിതയായിത്തീൎന്നു; തന്മൂലം കാലക്ഷേപത്തിനുവേണ്ടതു പണിയെടുത്തു സമ്പാദിക്കുവാനും സാധിക്കാതായി. രണ്ടുപേരും പട്ടിണികിടക്കേണ്ടിവരുമെന്ന നില വന്നുചേൎന്നു. രോഗപരവശയായിരുന്നതിനാൽ അമ്മയ്ക്കു് ആഹാരത്തിന്റെ ആവശ്യം തന്നെ അധികം ഉണ്ടായിരുന്നില്ല. രാധാറാണിക്കു് മിക്കപ്പോഴും ഉപവാസംതന്നെയായിരുന്നു. വീട്ടിൽ വല്ലതും ഉണ്ടെങ്കിലല്ലേ ഭക്ഷിക്കുവാൻ സാധിക്കുകയുള്ളു! ആ രഥോത്സവദിവസത്തിലാണു് അമ്മയുടെ രോഗം ആശങ്കാജനകമായ അവസ്ഥയിൽ എത്തിയതു്. എഴുന്നേല്ക്കുവാൻപോലും ആ സ്ത്രീക്കു് ശക്തി

യില്ലാതായി. നല്ല മരുന്നും, പോഷകമായ ആഹാര സാധനങ്ങളും കൊടുത്തില്ലെങ്കിൽ, ആപത്തു പററും എന്നു രാധയ്ക്കു തോന്നി. അതെല്ലാം ആ പെൺകുട്ടി എങ്ങനെയാണ് സമ്പാദിക്കുന്നതു്? ദാരിദ്ര്യം സംഭവിച്ചാലും പ്രയത്നംചെയ്തു ജീവിക്കാനല്ലാതെ യാചിക്കുവാനോ, ബന്ധുക്കളെ ആശ്രയിക്കുവാനോ, ആ അമ്മയും മകളും ശീലിച്ചിരുന്നില്ല. രാധയുടെ കണ്ണുകളിൽ വെള്ളം നിറഞ്ഞു. ആ കുമാരി ചില കാട്ടുപൂക്കൾ പറിച്ചുകൊണ്ടുവന്ന് ഒരു മാല കോർത്തു. രഥോത്സവം കാണുവാനുള്ള ആഗ്രഹത്താലല്ല അവൾ വാസ്തവത്തിൽ യോഗേശ്വരക്ഷേത്രത്തിൻെറ പരിസരത്തിലേക്കു പോയിരുന്നതു്. ആ മാല കാണികളിൽ ആക്കെങ്കിലും വിററ് ആറോ ഏഴോ ചില്ലി വാങ്ങാമെന്നും അതുകൊണ്ടു് അമ്മയ്ക്കു വേണ്ട മരുന്നെങ്കിലും സമ്പാദിക്കാമെന്നും ആയിരുന്നു രാധയുടെ വിചാരം.

# അദ്ധ്യായം 2

ശ്രാവണമാസത്തിൻെറ പ്രാരംഭമേ ആയിരുന്നുള്ളു. മഴ മുറുകിപ്പിടിച്ചു കഴിഞ്ഞിരുന്നില്ല. അതിനാൽ മഹേശ്വരപുരത്തിലെ രഥോത്സവത്തിനു പതിവുപോലെ ഒരുക്കങ്ങളെല്ലാം കൂട്ടിയിരുന്നു. സന്ദർശകന്മാർ ധാരാളം വന്നുചേരുമെന്നു കരുതി ചെറിയ കച്ചവടക്കാർ ധാരാളം ചെന്നു കൂടാതിരുന്നില്ല. അന്ന് ആ ഗ്രാമംതന്നെ ഉണൎന്നുപോലെ തോന്നി.

ആകാശത്തിൽ മേഘങ്ങൾ പ്രത്യക്ഷമായിരുന്നെങ്കിലും, ശീതളമായ കാററ് ഗ്രാമവൃക്ഷങ്ങളെ തലോടി വീശിക്കൊണ്ടിരുന്നെങ്കിലും, അന്ന് അത്യുഗ്രമായ മഴയോ കൊടുങ്കാററോ ഉണ്ടാകുമെന്ന് ആരാണു വിചാരിച്ചിരുന്നതു്? രഥഘോഷയാത്ര ആഹ്ലാദത്തോടുകൂടിത്തന്നെ ആരംഭിച്ചു. എന്നാൽ പകുതിയായപ്പോഴേക്കും പ്രകൃതിയുടെ ഭാവം പകൎന്നു. ചങ്ങല പൊട്ടിച്ചു ചാടിപ്പോന്ന ഉന്മത്തനെപ്പോലെ കൊടുങ്കാററു വന്നു. ചരൽവാരി വലിച്ചെറിയുന്നതുപോലെ മഴയും തുടങ്ങി. ഉത്സവത്തിൽ പങ്കുകൊള്ളുവാൻ ആഗതരായിരുന്ന ജനങ്ങളൊക്കെ അതിവേഗത്തിൽ പിരിഞ്ഞു. മഹാരഥം വലിച്ചുകൊണ്ടു പോക

വാൻതന്നെ വേണ്ടിടത്തോളം ആളുകഠം അവിടെ ശേഷിച്ചില്ല.

രാധാറാണി നനഞ്ഞൊലിച്ചു നില്ക്കുകയായിരുന്നു. എന്നാലെന്താണ്? ആ നിരാഡംബരമായ പൂമാല വില്ക്കാതെ അവഠം എങ്ങനെ പോകും? കൊടുങ്കാററ് അടങ്ങും; പെരുമഴ തോരും; കാണികഠം വീണ്ടും വന്നുചേരും എന്നായിരുന്നു ആ മുഗ്ദ്ധഹൃദയയുടെ മനോരാജ്യം. എന്നാൽ കഷ്ടംതന്നെ, മഴ അവളോട് തീരെ ദയ കാണിച്ചില്ല. ചളിയിലും വെള്ളത്തിലും ചക്രം ആണ്ടുകിടക്കുന്ന തേരിൻെറ അടുക്കലേക്ക് ആരും ചെല്ലുകയുമുണ്ടായില്ല. വൈകുന്നേരമായി; സന്ധ്യ വന്നു; രാത്രിയായി; കൂരിരുട്ടും കൊടുങ്കാററുംമൂലം ഭയങ്കരമായ നിശാസമയത്ത് ആ സാധുബാലിക കരഞ്ഞുകൊണ്ടു വീട്ടിലേക്കു പോകേണ്ടിവന്നു.

ഇരുളടഞ്ഞതായിരുന്നു, രാത്രി. ചളിനിറഞ്ഞതായിരുന്നു, പാത. കൂരിരുട്ടത്തു തപ്പിത്തടഞ്ഞുവേണ്ടിയിരുന്നു, അവഠംക്കു യാത്രചെയ്യുവാൻ. ശ്രാവണമാസത്തിലെ പെരുമഴ, കൊടുങ്കാററത്ത് അവളെ മൂടി എന്നുതന്നെ പറയാം. അമ്മയ്ക്കു യാതൊന്നും കരുതിക്കൊണ്ടുപോകുവാൻ കഴിഞ്ഞില്ലല്ലൊ എന്ന വിചാരമാണ് സർവ്വോപരി ആ കൊച്ചുമകളെ

വിഷാദിപ്പിച്ചിരുന്നതു്. അന്ധകാരത്താലും, ചണ്ഡവാതത്താലും, ബാഷ്പപൂരത്താലും മിക്കവാറും കണ്ണു കാണാതായ അവഠം അടിതെററിയും പിടഞ്ഞുവീണും ഒരുവിധത്തിൽ വഴിയറിഞ്ഞു നടന്നു. നനഞ്ഞ തലമുടി, മഴവെള്ളത്തിൽ കുളിച്ച അവളുടെ മുഖത്തു പററിക്കിടന്നിരുന്നു. നിസ്സാരമായ ആ മാല അവഠം ആ സമയത്തും ഉപേക്ഷിച്ചിരുന്നില്ല. അതു മാററത്തു് അടക്കിപ്പിടിച്ചിരുന്നതു കണ്ടാൽ ആൎക്കാണു് അനുകമ്പ തോന്നാതിരിക്കുക!

ഏകാകിനിയായിരുന്നെങ്കിലും രാധ ധൈൎയ്യമവലംബിച്ചു് ബുദ്ധിമുട്ടുകഠം വകവെക്കാതെ നടക്കുകയായിരുന്നു. അവഠം ചെല്ലുവാൻ താമസിച്ചാൽ രോഗാതുരയായ പ്രിയജനനി പരിഭ്രമിക്കുകയും വ്യസനിക്കുകയും ചെയ്യില്ലേ? ആ ബാലിക ഉൽക്കണ്ഠയോടുകൂടി നടക്കുമ്പോഠം ഇരുട്ടത്തുനിന്നു് അവളുടെനേരെ ഒരാഠം വേഗത്തിലെത്തി. 'അതുവരെ ആ ബാലിക ഉറക്കെ കരയാതെ കഴിച്ചുകൂട്ടിയെങ്കിലും, പെട്ടെന്നു് ഒരപരിചിതൻ നേരിട്ടുവന്നപ്പോഠം അവഠം നടുങ്ങിപ്പോയി. ദയനീയമായ വിധത്തിൽ അവഠം ഉറക്കെ ഒന്നു നിലവിളിച്ചു. പാവം! അവഠംക്കു് കരയാതിരിക്കുവാൻ സാധിച്ചില്ല.

എന്നാൽ, രാധാറാണി ഭയപ്പെട്ടതുപോലെ ആഗതൻ ഒരു ക്രൂരനായിരുന്നില്ല. അദ്ദേഹം അതിദയയോടുകൂടി ചോദിച്ചു: "ആരാണ് ഈ ഇരുട്ടത്തു കരയുന്ന ചെറിയകുട്ടി?" ഒരു പുരുഷന്റെ പരുഷമായ ശബ്ദമായിരുന്നു രാധ ശ്രവിച്ചതു്. എങ്കിലും, ആ സ്വരത്തിൽ അവളുടെ കണ്ണുനീരിനെ നിരോധിക്കുന്ന, അവളെ ആശ്വസിപ്പിക്കുന്ന, എന്തോ ഒരു ധർമ്മം ഉണ്ടായിരുന്നതായി അവൾക്കു തോന്നി. ഒരു പരിചിതന്റെ ശബ്ദമായിരുന്നു അതെങ്കിലും, ആർദ്രതയും അനുകമ്പയുംകൊണ്ടു് ആകർഷകമായിരുന്നു അവൾ കേട്ട വാക്യം! രാധ പിന്നെ നിലവിളിച്ചില്ല. അവൾ പറഞ്ഞു: "ഞങ്ങൾ പാവങ്ങളാണ്. അമ്മയും ഞാനും അല്ലാതെ ഞങ്ങൾക്കു മററാരുമില്ല."

ആഗതൻ: "എന്റെ കുട്ടീ, നീ എവിടെ അലഞ്ഞുനടക്കുകയായിരുന്നു?"

"ഞാൻ രഥോത്സവം കാണ്മാൻ പോന്നതാണ്. എന്റെ വീട്ടിലേക്കു തിരികെ പോവുകയായിരുന്നു. എന്തുചെയ്യും! ഇരുളും മഴയുംകൊണ്ടു് എനിക്കു വഴിതെററി."

"എവിടെയാണ് വീടു്, പറയൂ."

"ശ്രീരാമപുരത്താണ്, ഞാനും അമ്മയും താമസിക്കുന്നതു്."

"കൊള്ളാം," അപരിചിതൻ തുടൎന്നു: "ഞാനും അങ്ങോട്ടാണ് പോകുന്നതു്. എന്റെ കൂടെ വരൂ. ഗ്രാമത്തിൽ എത്തുമ്പോൾ ഏതു ഭാഗത്താണു പാൎക്കുന്നതെന്നു പറഞ്ഞാൽ മതി. ആപത്തൊന്നും കൂടാതെ ഞാൻ അവിടെ എത്തിക്കാം. കാൽ വഴുക്കുന്നുണ്ടു്, ഇല്ലേ? കൈ നീട്ടു്. ഞാൻ കൈയിന്മേൽ പിടിച്ചു കൊള്ളാം. നമുക്കു രണ്ടുപേൎക്കും ഒരുമിച്ചു നടക്കാം."

അങ്ങനെ ആ ഇരുട്ടത്തു രണ്ടുപേരും തപ്പിത്തടഞ്ഞു് യാത്രതുടൎന്നു.

# അദ്ധ്യായം 3

നിഷ്ക്കളങ്കഹൃദയർക്ക് ദൈവാനുകൂല്യത്താൽ വിചാരിക്കാത്ത സമയത്തും പ്രതീക്ഷിക്കാത്ത സ്ഥലത്തും തുണയുണ്ടാകുന്നു. ആ സാധുബാലിക യെ സഹായിക്കുവാൻ അവിടെ ആരെങ്കിലും എത്തി യിരുന്നില്ലെങ്കിൽ, അവളുടെ സ്ഥിതി എത്ര അനു കമ്പനീയമായിത്തീരുമായിരുന്നു. തന്നോടു വാത്സ ല്യവും കാരുണ്യവും പ്രദർശിപ്പിക്കുന്ന മഹാമനസ്ക ൻെറ മുഖം വ്യക്തമായി കാണുവാൻ തമസ്സുമൂലം രാധാറാണിക്കു സാധിച്ചില്ല. അദ്ദേഹത്തിനും അവ ളെ നല്ലപോലെ കാണാനോ, അവൾക്ക് എന്തു പ്രായമായി എന്നറിവാനോ കഴിഞ്ഞില്ല. എന്നാലും ശൈശവസ്വാഭാവികമായ ശബ്ദവും സംഭാഷണ വുംകൊണ്ടു് കൂട്ടുകാരി ഒരു ചെറിയ കുട്ടിയാണെന്നു് അദ്ദേഹം ഊഹിച്ചു. എങ്ങനെയായാലും, സന്ദർഭമു ണ്ടായപ്പോൾ ആ മനുഷ്യൻ "എത്ര വയസ്സായി?" എന്നു ചോദിക്കുകയും ചെയ്തു.

"എനിക്കു പത്തു വയസ്സു കഴിഞ്ഞു. പതിനൊ ന്നു നടപ്പാണു്."

"പേരെന്താണു്?"

"എൻെറ പേരു് രാധാറാണിയെന്നു്."

"ശരി, നമ്മളിപ്പോൾ കൂട്ടുകാരായല്ലോ. ഞാൻ ചോദിക്കട്ടെ: "ഒരു പരിചയവുമില്ലാത്ത ഒരു ഗ്രാമത്തിൽ രഥോത്സവം കാണുവാൻ ചെറിയ കുട്ടിയായ രാധയെ ഇത്രദൂരം തനിച്ചു പോകുന്നതിനു പ്രേരിപ്പിച്ച സംഗതി എന്താണു്? എനിക്കറിഞ്ഞാൽ കൊള്ളാമെന്നുണ്ടു്. കുറച്ചു് അവിവേകമായില്ലേ ഇതു്?"

ഇങ്ങനെ ക്രമത്തിൽ ദയയോടുകൂടി നേരമ്പോക്കായി ഓരോന്നു ചോദിച്ചു ചോദിച്ചു് അദ്ദേഹം ആ മാലയുടെ കഥയും രോഗാതുരയായ മാതാവിനു വല്ലതും വാങ്ങാമെന്നു കരുതിയിരുന്ന തനിക്കു സംഭവിച്ച ആശാഭംഗവും തുറന്നു പറയുന്നതിനു് അവളെ ധൈര്യപ്പെടുത്തി. വാസ്തവത്തിൽ തേരോട്ടം കാണുവാനല്ല, രുജാർത്തയായ മാതാവിനു് ആവശ്യമായ ചില സാധനങ്ങൾ വാങ്ങുന്നതിനു് ആ നിസ്സാരമായ കൊച്ചുമാല വില്ക്കുവാനാണു് രാധാറാണി മഹേശപുരത്തിലേക്കു പോയതെന്നു് അദ്ദേഹത്തിന്നു മനസ്സിലായി. അവളുടെ മാല വില്ക്കുവാൻ പററിയില്ല. അവളതു മാറോടു ചേർത്തു പിടിച്ചിരിക്കുകയാണു്.

"നന്നായി," അപരിചിതൻ സംഭാഷണം തുടൎന്നു: "ഈ മാല ഒന്നാംതരമായിട്ടുണ്ടു്. ഇത്ര നല്ല

മാല ഞാൻ കണ്ടിട്ടില്ല. അത്ഭുതകരംതന്നെ. എൻെറ ഗൃഹത്തിലെ പൂജാവിഗ്രഹത്തിൽ ചാർത്താൻ ഇങ്ങനെ ഒരു മാല്യം അന്വേഷിക്കുകയായിരുന്നു ഞാൻ. കച്ചവടക്കാർ മഴ തുടങ്ങിയപ്പോൾ പെട്ടെന്നു പിരിഞ്ഞുപോയതുകൊണ്ടു് ഒന്നു വാങ്ങുവാൻ പററിയില്ല. ഈ മാല എനിക്കു തരാമോ? വില തരാം."

രാധയ്ക്കു് അത്യാഹ്ലാദം തോന്നി. അത്രമാത്രം മഹാമനസ്കതയോടും അനുകമ്പയോടുംകൂടി തന്നെ സഹായിക്കുവാൻ സന്നദ്ധനായ ഒരപരിചിതനോടു് എങ്ങനെയാണു വില വാങ്ങുന്നതു് എന്നു് അവൾ വിചാരിക്കാതിരുന്നില്ല. എങ്കിലും അമ്മയെപ്പററിയുള്ള ചിന്തതന്നെയാണു് പ്രബലമായി നിന്നതു്. 'ഞാൻ വില മേടിക്കാതിരുന്നാൽ എൻെറ പാവപ്പെട്ട അമ്മയ്ക്കു് എങ്ങനെ മരുന്നും ഭക്ഷണസാധനവും വാങ്ങും?' ആലോചനകൾ ഇങ്ങനെ കെട്ടുപിണഞ്ഞുകൊണ്ടിരിക്കുമ്പോൾ മാല അവൾ കൂട്ടുകാരൻെറ കൈയിൽ വെച്ചുകൊടുത്തു.

അപരിചിതൻ: "ഞാൻ നോക്കട്ടെ; ഇതിന്നു ശരിയായ വില നാലു പൈ ആണു്, ഇതാ വില വാങ്ങിക്കൊള്ളു."

അദ്ദേഹം പണം അവളുടെ കൈയിൽ കൊടുത്തു.

രാധ: "ഇതു കാശാണോ! ഇതിന് കാശിനേ ക്കാൾ വലുപ്പം തോന്നുന്നുണ്ടല്ലോ?"

"കൊച്ചുമിടുക്കത്തീ, നിനക്കു കണ്ടുകൂടെ? രണ്ടു തുട്ടല്ലേ ഞാൻ തന്നിട്ടുള്ളു? ഇരട്ടക്കാശുകളാണ്. അതാണ് അധികം വലുപ്പം തോന്നുന്നത്."

"പക്ഷേ, ഈ ഇരുട്ടത്തുകൂടി ഇവ തിളങ്ങുന്നുണ്ട്. രൂപ തെററിയെടുത്തു തന്നതല്ല എനിക്ക് എന്നു് അങ്ങേക്കു് ഉറപ്പുണ്ടോ?"

"എനിക്കു തീരെ സംശയമില്ല. പുതിയ ചില്ലിക്കാശുകളാണവ. ഈയിടെ കമ്മട്ടത്തിൽനിന്നു് അടിച്ചിറക്കിയതേയുള്ളു. അതാണ് ഇത്ര തിളക്കം."

"സാരമില്ല. വീട്ടിൽ ചെന്നാൽ ഞാൻ വിളക്കു കൊളുത്താം. അങ്ങേക്കു തെററിപ്പോയിട്ടുണ്ടെങ്കിൽ, പണം തിരികെ തരികയുമാവാം. ഞാൻ വിളക്കു കൊളുത്തുന്നതുവരെ, കുറച്ചുനേരം നില്ക്കണം അത്രയേ വേണ്ടു."

ആ നിഷ്കളങ്കഹൃദയയുടെ സത്യസന്ധത ആ സഞ്ചാരിയെ സന്തോഷിപ്പിച്ചു.

# അദ്ധ്യായം 4

ശ്രീരാമപുരത്തെ ആപണത്തിൽനിന്നു വളരെ ദൂരെയായിരുന്നില്ല, രാധയുടെ അമ്മ താമസിച്ചിരുന്ന സ്ഥലം. അവളുടെ അമ്മ പുത്രി വന്നുചേരാത്തതിനാൽ വ്യസനിച്ചു കിടക്കുകയായിരുന്നു. എന്തുചെയ്യും, ആ സ്ത്രീക്കു മുറിയിൽനിന്നു പുറത്തേക്കു നടക്കുവാനുള്ള ശക്തിപോലും ഉണ്ടായിരുന്നില്ല. മകളെ അന്വേഷിക്കുവാൻ ആ അശരണ ആരെയാണയയ്ക്കുന്നത്?

പടി കടന്ന് വീടിൻെറ മുററത്ത് എത്തിയപ്പോൾ രാധ തന്നെ സഹായിച്ച ഉദാരൻെറ നേരെ തിരിഞ്ഞുനോക്കിക്കൊണ്ടു പറഞ്ഞു: "അങ്ങ് സദയം ഇറയത്തേക്കു കയറി നിമിഷനേരം ഇരിക്കുമോ? ഞാൻ ഇതാ വിളക്കു കൊളുത്തിക്കൊണ്ടു വന്നുകഴിഞ്ഞു. ഇതു വെള്ളിരൂപയോ അല്ലയോ എന്നു നോക്കണം."

കൂട്ടുകാരൻ: "ഞാൻ മുററത്തു നില്ക്കാം. അകത്തു പോയി ഈറൻ മാറൂ. എന്നിട്ടു വിളക്കു കൊളുത്തുവാൻ നോക്കിയാൽ മതി."

രാധ: "പക്ഷേ, എനിക്കിതല്ലാതെ വേറെ വസ്ത്രമില്ല. എൻെറ മറേറ സാരി അലക്കുവാൻ കൊണ്ടു

പോയിരിക്കയാണു്; ഈററൻ ചുററി നില്ക്കുന്നതു് എനിക്കു ശീലമായിക്കഴിഞ്ഞിട്ടുണ്ടു്. അതുകൊണ്ടു് എനിക്കു സുഖക്കേടു് ഒന്നും വരില്ല. ഒരുനിമിഷം താമസിക്കുമോ, ഞാൻ ഉടനെ വിളക്കു കൊളുത്താം."

വിളക്കു കത്തിക്കുവാൻ ആ വീട്ടിൽ എവിടന്നാണു് എണ്ണ! ഇറയിൽനിന്നു് ഒരുപിടി വയ്ക്കോൽ വലിച്ചെടുക്കുകയല്ലാതെ രാധയ്ക്കു ഗത്യന്തരമുണ്ടായിരുന്നില്ല. കരുതിവെച്ചിരുന്ന രണ്ടു തീക്കല്ലുകൾ കൂട്ടിമുട്ടിച്ചു തീ പിടിപ്പിക്കുവാൻ ആ പെൺകുട്ടിക്കു കുറച്ചു ബുദ്ധിമുട്ടേണ്ടിവന്നു. വയ്ക്കോലിൽ തീ പിടിപ്പിച്ചു നോക്കിയപ്പോൾ രണ്ടുറുപ്പികയാണു കൈയിൽ എന്നു് അവൾക്കു മനസ്സിലായി. നല്ലപോലെ കെട്ടിയിട്ടില്ലാത്ത ചൂട്ടെടുത്തുകൊണ്ടു് അവൾ മുററത്തേക്കു് ഓടിച്ചെന്നു. അവിടെ ആ അപരിചിതൻ ഉണ്ടായിരുന്നില്ല. പുരയുടെ നാലുപുറത്തും പടിക്കലും അവൾ തിരഞ്ഞു. അദ്ദേഹം പോയിക്കഴിഞ്ഞിരുന്നു.

രാധ നിരാശയായിട്ടാണു് അമ്മയുടെ അടുക്കലേക്കു ചെന്നതു്. കഥകളെല്ലാം പറഞ്ഞതിന്നു ശേഷം ഉല്കണ്ഠയോടുകൂടി അവൾ അമ്മയോടു ചോദിച്ചു: "ഇപ്പോൾ ഇനി എന്താണു നാം ചെയ്യേണ്ടതു്?"

അമ്മ: "എൻെറ മകളെ, നമുക്കു് എന്തു ചെയ്യുവാൻ കഴിയും? അദ്ദേഹം അറിയാതെ എടുത്തു തന്നതാണു് ഈ രൂപ എന്നു് എനിക്കു തോന്നുന്നില്ല. തീർച്ചയായിട്ടും ഔദാര്യശാലിയായ ഒരു മാന്യപുരുഷനാണദ്ദേഹം. നമ്മുടെ കഥകൾ കേട്ടപ്പോൾ അനുകമ്പ തോന്നിയിരിക്കണം. നാം ഇപ്പോൾ വെറും യാചകാവസ്ഥയിലായിപ്പോയില്ലേ! ഇല്ലാത്ത ലജ്ജ ഭാവിക്കാതെ, ഈ ദാനം നാം സ്വീകരിക്കണം."

മാതാവും പുത്രിയും ഇപ്രകാരം സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ, ഏതോ ഒരാൾ പെട്ടെന്നു് വാതില്ക്കൽ വന്നു മുട്ടി. അവർക്കു പരിഭ്രമമായി. ആ സ്നേഹിതൻ പണം മടക്കി വാങ്ങിക്കുവാൻ വന്നതാണെന്നു വിചാരിച്ചു് രാധ വാതിൽ തുറക്കുന്നതിനു വേഗത്തിൽ ചെന്നു. ഹാ! അങ്ങനെയൊന്നുമായിരുന്നില്ല. ആ ഗ്രാമത്തിലെ ചരക്കുകച്ചവടക്കാരനാണു് വാതില്ക്കൽ നിന്നിരുന്നതു്. അവൾ ഭയപ്പെട്ടു.

അങ്ങാടിയുടെ അങ്ങേഅററത്തെ ഒരു പീടികയിലാണു് പത്മലോചനൻെറ തുണിക്കച്ചവടം. വിശ്വസനീയനായ ആ വണിക്കുതന്നെയായിരുന്നു ശാന്തിപുരത്തുനിന്നു് അതിമനോഹരമായി നെയ്തു വരുത്തിയിട്ടുള്ള രണ്ടു സാരിയുംകൊണ്ടു് അവിടെ

പ്രത്യക്ഷനായിരുന്നതു്. അയാൾ ആ വസ്ത്രം രണ്ടും രാധയുടെ കൈയിൽ ഇട്ടുകൊടുത്തു.

പത്മലോചനൻ: "ഇതു രാധാറാണിക്കാണു്."

രാധ അത്ഭുതം പ്രദർശിപ്പിച്ചു. "എന്തോ അബദ്ധം പിണഞ്ഞിരിക്കണം. ഇതെങ്ങനെയാണു് എനിക്കാവുന്നതു്?"

ഭഗ്നാശയായ രാധാറാണി ഭാവിച്ച വൈമുഖ്യം അയാൾ അർഹിക്കുന്നുണ്ടോ ഇല്ലയോ എന്നു നിശ്ചയമില്ല. ഏതായാലും ആ കച്ചവടക്കാരൻ ഈ ചോദ്യം കേട്ടു് ആശ്ചര്യപ്പെട്ടതുപോലെ തോന്നി.

പത്മലോചനൻ: "എനിക്കു് ഇത്രമാത്രം അറിയാം. ഒരു ബാബു ഈ സാരിയുടെ വില രൊക്കം കൈയിൽത്തന്നു; ഇവിടെ ഇതു തരുവാനും പറഞ്ഞു."

രാധയ്ക്കു സന്തോഷമോ ആശ്ചര്യമോ അധികം അങ്കുരിച്ചതു് എന്നു് ഊഹിക്കയായിരിക്കും എളുപ്പം.

രാധ: "ഇതു് അദ്ദേഹം തന്നെ; എനിക്കു സംശയമില്ല. അദ്ദേഹംതന്നെ ആയിരിക്കണം. അദ്ദേഹം ഈ സാരി വാങ്ങി എനിക്കു തരുവാൻ കൊടുത്തയച്ചു. പറയൂ, പത്മലോചനാ!"

വിശ്വസ്തനായ ഈ വസ്ത്രവ്യാപാരിക്കു് രാധാറാണിയുടെ കുടുംബം സമ്പല്പ്രാളിതമായിരുന്ന കാലത്തു് സുപരിചിതമായിരുന്നു. ഹിന്ദുക്കൾ

വിശേഷദിവസങ്ങളിൽ ആശ്രിതന്മാക്കും ബന്ധുക്കൾക്കും മുണ്ടു സമ്മാനിക്കുക പതിവാണല്ലോ. അങ്ങനെയുള്ള സന്ദർഭങ്ങളിൽ പത്മലോചനൻ പലപ്പോഴും രാധയുടെ മുത്തച്ഛനും നാലുറുപ്പിക വിലയുള്ള വസ്ത്രം അതിന്റെ ന്യായമായ വില മാത്രം, അതായത് എട്ടുറുപ്പിക പന്ത്രണ്ടണ, വാങ്ങി വിററിട്ടുണ്ടു്. അപ്പോഴൊക്കെ ആ കച്ചവടത്തിൽ രണ്ടണ ലാഭമേ ഉള്ളു എന്നു് പറയുവാൻ ആ സത്യവാദി മറന്നുപോകാറുമില്ല! പത്മലോചനന്റെ കച്ചവടത്തിലുള്ള സത്യസന്ധതയെക്കുറിച്ചു് ഇതിലധികം പ്രസ്താവിക്കേണ്ടതില്ലല്ലോ.

“പറയൂ, പത്മലോചനാ!” രാധ തുടന്നു ചോദിച്ചു. “ആ ബാബുവിനെ നിങ്ങൾക്കു പരിചയമുണ്ടോ?”

പത്മലോചനൻ: “എന്തു്! നിങ്ങൾതന്നെ അദ്ദേഹത്തെ അറികയില്ലേന്നോ?”

രാധ: “ഇല്ല.”

പത്മലോചനൻ: “ഞാൻ വിചാരിച്ചതു് ബാബു നിങ്ങളുടെ ഉദാരബന്ധുക്കളിൽ ആരെങ്കിലും ആയിരിക്കുമെന്നാണു്. എനിക്കു് ആ മാന്യയുവാവു് ആരാണെന്നു് അറിഞ്ഞുകൂടാ.”

രാധയ്ക്കു തീവ്രമായ ആശാഭംഗം ആണു് സംഭവിച്ചതു്. ആ മഹാമനസ്കനെക്കുറിച്ചു് എന്തെങ്കിലും അറിവു തരുവാൻ പത്മലോചനനു കഴിയുമെന്നായിരുന്നു അവളുടെ പ്രതീക്ഷ.

അതങ്ങനെയിരിക്കട്ടെ. ആ കപ്പവടക്കാരൻ ഒരിക്കൽക്കൂടി നാലുറുപ്പികയുടെ സാരി എട്ടുറുപ്പിക പതിന്നാലണയ്ക്കു വിററു! രണ്ടണ ലാഭം എടുത്തിട്ടുണ്ടെന്നു പറയാതിരിക്കുവാൻ അസത്യഭയം അയാളെ നിർബ്ബന്ധിക്കാതിരുന്നില്ല! പിന്നെ സംസാരിച്ചിട്ടു പ്രയോജനമില്ലാതിരുന്നതുകൊണ്ടു് ആ മനുഷ്യൻ ഏതോ പുണ്യംചെയ്തതിൻെറ ഫലം കിട്ടിയതുപോലെ ചാരിതാർത്ഥ്യത്തോടുകൂടി അങ്ങാടിയിലേക്കു തിരിച്ചു.

# അദ്ധ്യായം 5

രാധയ്ക്കു തോന്നിയ കൃതജ്ഞതയ്ക്കും ആശ്വാസത്തിനും അതിരില്ല. അമ്മയ്ക്കു് അത്യാവശ്യമുള്ള സാധനങ്ങൾ വാങ്ങാമല്ലൊ എന്നു് ആ സ്നേഹവിവശ സന്തോഷിച്ചു. അവൾതന്നെ അങ്ങാടിയിൽ പോയി വിളക്ക കൊളുത്തുവാൻ എണ്ണയും ആഹാരത്തിന വേണ്ട സാധനങ്ങളും വാങ്ങിക്കൊണ്ടുവന്നു.

വിളക്ക കൊളുത്തിയപ്പോൾ ആ ചെറിയ കുടിലിൽ ഒരു പുതിയ സന്തോഷം വന്നപോലെ തോന്നി. രോഗപീഡിതയായ ജനനിക്ക കൂട്ടാനും മററും ആവശ്യമുണ്ടായിരുന്നില്ല. രാധ വേഗത്തിൽ അരിവെച്ചു. അതു വിളമ്പുന്നതിനു മുൻപു് പുൽച്ചൂലെടുത്തു് അകം അടിച്ചുവാരി. അപ്പോഴുണ്ടു് നിലത്തു് അഞ്ചുറുപ്പയുടെ ഒരു നോട്ടു കിടക്കുന്നു! അമ്മയുടെ അടുക്കലേക്കു് ഓടിച്ചെന്നിട്ടു് അവൾ ചോദിച്ചു: "എന്താണിതമ്മേ?"

അവളുടെ മാതാവു് അതു തിരിച്ചും മറിച്ചും നോക്കി ആശ്ചര്യപ്പെട്ടു: "എന്താണിതു്? ഇതൊരു നോട്ടാണല്ലൊ!"

"എന്നാൽ ഇതു് അദ്ദേഹംതന്നെ വാതിൽപ്പഴുതിൽക്കൂടി അകത്തേക്കു് ഇട്ടതായിരിക്കണം."

"അതെ. നിനക്കു സമ്മാനമായിട്ടാണു് ഇതദ്ദേഹം കരുതിയിട്ടുള്ളതു്. അതിനും പുറമെ, നോക്കു്, എന്താ എഴുതിയിരിക്കുന്നതു്? രാധാറാണിക്കു്."

രാധ: "എന്തൊരു ഗുണവാനാണു് അദ്ദേഹം! ഇത്ര ദയാലുവായ ഒരാളെക്കുറിച്ചു് അമ്മ ഇതിനു മുൻപു കേട്ടിട്ടുണ്ടോ?"

അമ്മ: "നോക്കു്, അദ്ദേഹത്തിൻെറ പേരും ഇതിൽ എഴുതിയിട്ടുണ്ടു്. എന്തുകൊണ്ടാണിങ്ങനെ ചെയ്തിരിക്കുന്നതെന്നു നിനക്കറിയാമോ? ഇങ്ങനെ ചെയ്തില്ലെങ്കിൽ ഇതു കട്ടതാണെന്നു ഭയന്നു് ആളുകൾ ചില്ലറ മാറിത്തരുവാൻ കൂട്ടാക്കുകയില്ല. അദ്ദേഹത്തിൻെറ പേരു് 'രുഗ്മിണീകുമാർ റേ' എന്നാണു്."

അടുത്തദിവസം ആ മഹാമനസ്കൻെറ വിവരങ്ങൾ അറിവാൻ അമ്മയും മകളും വളരെ ശ്രമിച്ചു. ശ്രീരാമപുരത്തോ സമീപപ്രദേശങ്ങളിലോ ആ പേരിൽ ഒരാളുള്ളതായി ആർക്കും അറിവില്ലായിരുന്നു. അവർ ആ നോട്ടു മാറാതെ സൂക്ഷിക്കയാണു ചെയ്തതു്. കേവലം ദരിദ്രരായിരുന്നു അവർ; പക്ഷേ, ദുരാഗ്രഹികളായിരുന്നില്ല.

## അദ്ധ്യായം 6

രാധാറാണിയുടെ അമ്മയ്ക്കു് രോഗപാരവശ്യം പ്രതിദിനം കൂടിക്കൂടി വരികയാണു ചെയ്തതു്. ആ സ്ത്രീ ഒരുകാലത്തു് മഹാ ധനികയായിരുന്നു. ഇപ്പോഴോ ഉഗ്രമായ ദാരിദ്ര്യത്തിനു് അധീനയായി കിടക്കുകയാണു്. കായികമായ ദുർബ്ബലതയും മാനസികമായ വ്യാകുലതയും മൂലം അവൾക്കു തീരെ ശക്തിയില്ലാതായി. ജീവിതയാത്രയുടെ അന്ത്യഘട്ടം അത്യാസന്നമായിരിക്കുന്നു എന്നു് ഒടുവിൽ സ്പഷ്ടമായി.

ആ സന്ദർഭത്തിലാണു് പ്രിവികൗൺസിലിൽ അനുകൂലമായ വിധിയുണ്ടായിരിക്കുന്നു എന്ന വൃത്താന്തം അവർ അറിഞ്ഞതു്. മൂന്നു കോടതിയിലും നേരിട്ടിട്ടുള്ള വ്യവഹാരച്ചെലവും നഷ്ടവും അന്യാധീനമായ സ്വത്തും ആ സ്ത്രീക്കു ലഭിക്കുമെന്നു വ്യക്തമായി. ഒരു കാമാഖ്യനാഥ ബാബുവായിരുന്നു ഹൈക്കോടതിയിൽ ആ കേസ്സിൻെറ വക്കാലത്തു വഹിച്ചിരുന്നതു്. ആ മാന്യൻ പ്രസ്തുത വൃത്താന്തം അറിയിക്കുവാൻ രാധയുടെ അമ്മ താമസിക്കുന്ന കുടിലിലേക്കു നേരിട്ടു ചെന്നു. ആ സന്തോഷവർത്തമാനം കേട്ടു്, ആസന്നമരണയായ വിധവ ആനന്ദബാഷ്പം

പൊഴിച്ചു. തന്മൂലമുണ്ടായ ആഹ്ലാദസംരംഭം ഒരു വിധത്തിൽ അടക്കിക്കൊണ്ട് അവൾ വക്കീലിനോടു പറഞ്ഞു:

"എന്റെ മിത്രമേ, കെടുന്ന ഒരു വിളക്കിൽ അങ്ങ് എണ്ണ പകൎന്നു! ഈ സന്തോഷവാൎത്ത വളരെ താമസിച്ചുപോയി. എന്റെ ജീവിതത്തെ രക്ഷിക്കുവാൻ ഇനി സാദ്ധ്യമല്ല. ഞാൻ ജീവിച്ചിരിക്കുന്ന ദിവസങ്ങൾ ഇനി കൈവിരൽകൊണ്ടു കണക്കാക്കാം. എങ്കിലും എനിക്ക് ഈ ഒരു സന്തോഷമുണ്ട്: ഞാൻ മരിച്ചാൽ എന്റെ കൊച്ചുമകൾ പട്ടിണികിടന്നു മരിക്കേണ്ടിവരികയില്ലല്ലോ. എന്നാലും അതു് ഉറപ്പിക്കുവാൻ എങ്ങനെ കഴിയും? അവൾ ഒരു ചെറിയകുട്ടി. പാവം! ആരാണവളുടെ അവകാശങ്ങളെ സംരക്ഷിക്കുവാനും മുതലുകൾ സൂക്ഷിക്കുവാനും? അങ്ങല്ലാതെ ആശ്രയമില്ല. അങ്ങനെയൊരാശയും ആശ്വാസവും മാത്രമേ എനിക്കുള്ളു. അൽപ്രാണയായ ഒരു സ്ത്രീയുടെ അന്ത്യാപേക്ഷ അങ്ങു നിറവേററുകയില്ലേ? എന്റെ കുട്ടിക്ക് ഇനി പിതാവും രക്ഷാകൎത്താവും ആയിരുന്നുകൊള്ളാമെന്നു വാക്കു തരൂ."

ആ ബാബു ദയാലുവും വിശ്വാസനീയനുമായിരുന്നുവെന്നു മാത്രമല്ല, രാധാറാണിയുടെ അച്ഛന്റെ

ഒരു പഴയ പങ്ങാതിയും ആയിരുന്നു. അവക്ക് അത്യാപത്തു നേരിട്ടപ്പോൾ രാധയുടെ അമ്മയോട്ട് അപ്പീൽക്കേസ് വിധിക്കുന്നതുവരെ തൻെറ ഗൃഹത്തിൽ വന്നു താമസിക്കുവാൻ അദ്ദേഹം അത്ഥിക്കാതിരുന്നില്ല. ആ അശരണയെ അമ്മയായി പരിഗണിച്ച് രക്ഷിക്കുന്നതിന്നു കാമാഖ്യബാബു സന്നദ്ധനായിരുന്നു. വക്കീലിൻെറ സൗജന്യപൂവ്വകമായ ആ ഔദാര്യം സ്വീകരിച്ച് താമസിക്കുന്നതിന് അനുവദിച്ചില്ല, ആ വൃദ്ധയുടെ അഭിമാനം! ഒടുവിൽ ആ ഗുണശാലി പ്രതിമാസം ഒരു തുക കൊടുത്തു സഹായിക്കാമെന്നുപോലും പറഞ്ഞുനോക്കി. “ഇപ്പോൾ വേണ്ട പണം കൈയിലുണ്ട്; ആവശ്യം വരട്ടെ, അപ്പോൾ മതിയല്ലോ,” എന്നായിരുന്നു അവരുടെ ധീരമായ സമാധാനം. ആപത്തിലും കുലീനകൾ അഭിമാനം വെടിയുകയില്ലല്ലോ. രുഗ്മിണീകുമാർ റേയുടെ ആ സമ്മാനമാണ് ഒന്നാമതായി അവർ സ്വീകരിച്ചിട്ടുള്ളതു്; ഒടുവിലത്തേതും അതായിരുന്നു. വക്കീൽ അവരുടെ ദയനീയാവസ്ഥ ശരിയായി ഗ്രഹിച്ചിരുന്നില്ല. ദാരിദ്ര്യമഗ്നരായ ആ മാന്യയേയും പുത്രിയേയും കണ്ടപ്പോൾ ആ മഹാശയനു് അത്യന്തം വ്യസനം തോന്നി. തൊഴുതുകൊണ്ട് ആ മാതാവു് ഒരിക്കൽക്കൂടി ആ പ്രാത്ഥന

ആവത്തിച്ചപ്പോൾ അദ്ദേഹത്തിൻെറ ഹൃദയം അനുകമ്പാകുലമായി.

"അമ്മ എന്നോട്ട് നിയോഗിക്ക മാത്രമേ വേണ്ടു; നിർദ്ദേശം അനുസരിക്കേണ്ടതു് എൻെറ കത്തവ്യമാണു്" എന്നായിരുന്നു അദ്ദേഹം സമാധാനം നൽകിയതു്. അദ്ദേഹം ഇങ്ങനെ അവസാനിപ്പിച്ചു: "ഏററവും നിസ്സാരങ്ങളായ ആഗ്രഹങ്ങൾ കൂടി നിറവേററുവാൻ ഞാൻ പ്രയത്നിക്കുമെന്നു വിശ്വസിക്കാവുന്നതാണു്."

സ്ത്രീ: "എനിക്കു ലോകത്തോടു യാത്രപറയുവാനുള്ള അവസരം ആസന്നമായിരിക്കുന്നു. വാത്സല്യഭാജനമായ രാധ മാത്രമാണു് ഇനി ഉള്ളതു്. എൻെറ ശ്വശ്രുരൻെറ അകൃത്രിമമായ മരണപത്രം കോടതിയിൽനിന്നു്, ഒടുവിൽ സ്ഥിരപ്പെടുത്തിയല്ലോ. രാധാറാണിക്കുള്ളതാണു് ഈ മുതലൊക്കെ; അവളെ നോക്കിക്കൊള്ളണം. ഞാൻ പ്രാത്ഥിക്കുന്നു, സ്വന്തം പുത്രിയെപ്പോലെ അവളെ കരുതണം. പണമുള്ളവരെ പററിക്കുവാൻ കാത്തിരിക്കുന്നവരുടെ വലയിൽ എൻെറ മകൾ പെടാതെ സൂക്ഷിക്കണം. ഇതാണു് എൻെറ അന്ത്യപ്രാത്ഥന. ചെയ്യാമെന്നു നിങ്ങൾ വാഗ്ദാനം ചെയ്താൽ, എനിക്കു മനസ്സമാധാനത്തോടു കൂടി മരിക്കാം."

ബാബു: "ഞാൻ സത്യം ചെയ്യുന്നു. മകളേക്കാൾ വാത്സല്യത്തോടും ശ്രദ്ധയോടുംകൂടി രാധാറാണിയെ ഞാൻ രക്ഷിച്ചുകൊള്ളാം. ഹൃദയപൂർവ്വകമാണു് ഈ പ്രതിജ്ഞ. എന്നെ വിശ്വസിച്ചുകൊള്ളൂ. എന്റെ രക്ഷയിൽ ഇരിക്കുന്ന അവൾക്കു് ഒരു ദോഷവും സംഭവിക്കയില്ല."

മരിക്കാറായിക്കിടക്കുന്ന ആ സ്ത്രീ കാമാഖ്യ ബാബുവിന്റെ മുഖത്തേക്കു നോക്കി. അദ്ദേഹത്തിന്റെ ബാഷ്പപൂർണ്ണമായ കണ്ണു് അവൾ കണ്ടു. ആ വാഗ്ദാനം സന്തോഷപൂർവ്വം സ്വീകരിക്കയും ചെയ്തു.

ഒരു നിമിഷനേരത്തേക്കു് സന്തോഷസൂചകമായ പുഞ്ചിരിയുടെ തിളക്കം ആ വാടിവരണ്ട ചുണ്ടത്തു് പ്രത്യക്ഷമാകാതിരുന്നില്ല. ലോകപരിചയം ധാരാളം സിദ്ധിച്ചിട്ടുള്ള വക്കീൽ, ആ സ്ത്രീ തന്റെ ജീവിതം അവസാനിക്കാറായി എന്നു മനസ്സിലാക്കിയിട്ടുള്ളതായി, ആ ചിരിയിൽനിന്നു് ഊഹിച്ചു. അദ്ദേഹത്തിനു് അല്പസമയത്തേക്കു് ഒന്നും സംസാരിക്കുവാൻ കഴിഞ്ഞില്ല.

## അദ്ധ്യായം 7

അഗതിയായ സുഹൃൽപത്നിയെ ആ നിലയിൽ വിട്ടിട്ടുപോകുവാൻ കാമാഖ്യബാബുവിനു ധൈയ്യം വരുമോ? ആ ആർദ്രഹൃദയൻ വീണ്ടും അഭ്യർത്ഥിച്ചു:

"എന്റെ ഗൃഹത്തിലേക്കു പോവുക. നിയമസംബന്ധമായ നടപടിയൊക്കെ കഴിഞ്ഞാൽ പൂർവ്വഗൃഹത്തിലേക്കു പോകാമല്ലോ."

ആ മിത്രത്തിന്റെ ഔദാര്യപൂർവ്വകമായ ക്ഷണം സ്വീകരിക്കുവാൻ വൈമുഖ്യം പ്രദർശിപ്പിക്കുന്നതിന് ആ മഹതിയെ അഭിമാനം മുൻപു പ്രേരിപ്പിച്ചിരുന്നതു് ദാരിദ്ര്യത്താലായിരുന്നു. ധനികസുഹൃത്തിന്റെ സല്ക്കാരം ദരിദ്രയായിരിക്കുമ്പോൾ അഭിമാനവതിയായ ഒരു സ്ത്രീ എങ്ങനെ സ്വീകരിക്കും? അന്യനെ ആശ്രയിച്ചു ജീവിക്കുന്നതിലും ആശാസ്യം ദാരിദ്ര്യത്തിൽ കിടന്നു വലയുകയല്ലേ? ഇപ്പോൾ അവൾ വീണ്ടും ധനികയായി; അവളുടെ ഉഗ്രമായ സ്വാതന്ത്ര്യബോധം അപ്രത്യക്ഷമാകയും ചെയ്തു. പഴയ സുഹൃത്തിന്റെ ക്ഷണം ഈ സന്ദർഭത്തിൽ സൗമ്യഭാവത്തിൽ സദയം അംഗീകരിച്ചതു് തന്മൂലമാണ്. ആ മനുഷ്യൻ അലിവോടും അത്യന്തം ശ്രദ്ധയോടും

കൂടി അമ്മയേയും മകളേയും സ്വഗൃഹത്തിലേക്ക കൊണ്ടുപോയി.

സമ്പത്തു മുഴുവൻ തിരികെ കിട്ടിയെങ്കിലും, അതു് അനുഭവിപ്പാനുള്ള ഭാഗ്യം ആ വിധവയ്ക്കുണ്ടായിരുന്നില്ല. വൈദ്യവിചക്ഷണന്മാർ അവരുടെ സാമർത്ഥ്യമൊക്കെ പ്രയോഗിച്ചുനോക്കിയെങ്കിലും, ആ സ്ത്രീയുടെ രോഗത്തിനു ശമനമുണ്ടായില്ലെന്നു മാത്രമല്ല, ദിനംപ്രതി അതിൻെറ ശക്തി കൂടിക്കൂടി വരികയും ചെയ്തു. വളരെനാൾ കഴിയുന്നതിന്നു മുൻപു് ആ മഹിളാരത്നം പരലോകപ്രാപ്തയായി. അമ്മയുടെ അകാലവിയോഗം രാധയെ എത്രമാത്രം വ്യസനിപ്പിച്ചിരിക്കണം!

കാമാഖ്യബാബു രാധാറാണിയുടെ സകല സ്വത്തുക്കളും അവളുടെ അധീനതയിലാക്കുവാൻ ആവശ്യമുള്ള നടപടികളെല്ലാം ഉടനെ നടത്തി. എങ്കിലും, അവൾ ചെറിയ കുട്ടി മാത്രമായിരുന്നുവല്ലോ. തന്മൂലം പൂർവ്വികഗൃഹത്തിലേക്ക തല്ക്കാലം താമസിക്കുവാനയയ്ക്കാതെ തൻെറ അതിഥിയാക്കി പാർപ്പിക്കുകയാണു ചെയ്തതു്.

ആ ഡിസ്ത്രിക്ടിലെ കലക്ടർ രാധയ്ക്കു പ്രായപൂർത്തി വരുന്നതുവരെ, സ്വത്തുക്കളൊക്കെ രക്ഷിക്കുന്നതിനു് ഉദ്യോഗസ്ഥന്മാരെ നിയമിക്കണമെന്ന

ആഗ്രഹം പ്രദൎശിപ്പിക്കാതിരുന്നില്ല. പക്ഷേ, ആ കൃത്യം നിൎവ്വഹിക്കുവാൻ കുറെക്കൂടി അൎഹത തന്നിക്കാണെന്നായിരുന്നു ബാബുവിൻെറ അഭിപ്രായം. അദ്ദേഹത്തിനു് അസാമാന്യമായ നിയമവിജ്ഞാനം ഉണ്ടായിരുന്നതിനാൽ കലക്ടരുടെ സദുദ്ദേശ്യത്തോടുകൂടിയ സൂത്രം സഫലമായില്ല. ഉദ്യോഗസ്ഥന്മാരുടെ ഇടപെടൽകൊണ്ടുള്ള കുഴപ്പങ്ങളൊന്നും കൂടാതെ സംരക്ഷയ്ക്കു വിധേയയായ ബാലികയുടെ കാര്യങ്ങളെല്ലാം അദ്ദേഹം ഭദ്രമായി നോക്കിവന്നു.

കാമാഖ്യബാബുവിൻെറ ഗൗരവമേറിയ അനന്തരകൎത്തവ്യം രാധാറാണിക്കു് അനുരൂപനായ ഒരു വരനെ കണ്ടുപിടിക്കുകയായിരുന്നു. ഗുണസമ്പന്നനായ ആ അഭ്യുദയകാംക്ഷി, ഭാഗ്യത്താൽ, പരിഷ്കൃതാശയനായ ഒരു മാന്യനായിരുന്നതുകൊണ്ടു് ശൈശവവിവാഹത്തെ അനുകൂലിക്കുന്ന കൂട്ടത്തിലായിരുന്നില്ല. പഴയ സമ്പ്രദായക്കാരായ ബന്ധുക്കൾ രാധാറാണിക്കില്ലായിരുന്നു. അതിനാൽ ശൈശവത്തിൽത്തന്നെ വിവാഹം കഴിച്ചുകൊടുത്തില്ലെങ്കിൽ ജാതിഭ്രംശം വരുമെന്നു വിചാരിക്കുവാൻ ആരും ഉണ്ടായിരുന്നില്ല. വധുതന്നെ പരിണയത്തേയും പരിണേതാവിനേയും കുറിച്ചു ചിന്തിക്കുവാൻ തുടങ്ങുന്ന കാലംവരെ ഈ വിഷയത്തെപ്പററി ആലോ

ചിക്കേണ്ടതില്ലെന്നു ബാബു നിശ്ചയിച്ചു. അതിനിടയ്ക്കു് മനസ്സംസ്കാരസമ്പാദനത്തിനു് ഉപകരിക്കുന്ന വിദ്യാഭ്യാസത്തിനു് സൗകര്യം ഉണ്ടാക്കുകയാണു് ആവശ്യം. ആശയഗതി ഇപ്രകാരമായിരുന്നതുകൊണ്ടു്, അദ്ദേഹം ആ പെൺകുട്ടിക്കു് ഒരു വരനെ അന്വേഷിക്കുവാനല്ല, നല്ല അദ്ധ്യാപകന്മാരെ സമ്പാദിക്കുവാനാണു് സദാ ശ്രമിച്ചിരുന്നതു്.

JAWAHAR SMARAKA GRANDHASALA
KIRAKKUZHI VENGANOOR P.O.
Reg: No 3273

# അദ്ധ്യായം 8

അഞ്ചു സംവത്സരം കഴിഞ്ഞു. രാധാറാണി ഇപ്പോൾ പതിനാറു വയസ്സു തികഞ്ഞ പരമലാവണ്യവതിയായ ഒരു യുവതിയാണു്. സ്ത്രീകൾ മാത്രം താമസിക്കുന്ന ഗൃഹാന്തർഭാഗത്തല്ലാതെ അവൾ പെരുമാറുക പതിവില്ലാതിരുന്നതുമൂലം ആ വികസ്വരമായ സൗന്ദര്യം ഒരു പുരുഷൻെറ ദൃഷ്ടികൾക്കും ഇതുവരെ നുകരുവാൻ ഭാഗ്യം ഉണ്ടായിട്ടില്ലെന്നു് നിസ്സംശയം പറയാം.

ആ സുകുമാരിയുടെ വൈവാഹികകർമ്മം നടത്തുവാൻ ഉള്ള കാലം ആയി എന്നു്, ഏററവും അങ്ങേ അററത്തുള്ള പരിഷ്കൃതാശയന്മാർക്കും ഇപ്പോൾ കണ്ടാൽ തോന്നാതിരിക്കയില്ല. രക്ഷകനായ കാമാഖ്യബാബുവിൻെറ അഭിപ്രായം, വധുവിൻെറ ആഗ്രഹം എന്താണെന്നു് അറിയുകയാണു് വിവാഹകാര്യത്തിൽ പ്രഥമകൃത്യം എന്നായിരുന്നു. അദ്ദേഹം രാധയുടെ ഇംഗിതം അറിയുന്നതിനു്, സ്വപുത്രിയായ വസന്തകുമാരിയോടു് ആവശ്യപ്പെട്ടു. വസന്തയും രാധയും വയസ്യകളായിരുന്നു എന്നുമാത്രമല്ല, പ്രാണനെപ്പോലെയാണു് അവർ അന്യോന്യം സ്നേഹിച്ചി

രുന്നതും. അതിനാൽ രാധ ആ സഖിയോട്ട് ഇംഗിതം തുറന്നു പറയാതിരിക്കയില്ലെന്ന് ആ വൃദ്ധൻ വിചാരിച്ചിരിക്കണം. വസന്ത, അല്പം ലജ്ജയോടു കൂടിയാണെങ്കിലും ആഹ്ലാദപൂർണ്ണമായ ഒരു പുഞ്ചിരിയോടുകൂടി ചോദിച്ചു:

"ഈ ദിക്കിലെങ്ങാനും രുഗ്മിണീകുമാർ റേ എന്ന പേരായ ഒരാളുണ്ടോ, അച്ഛാ?"

കാമാഖ്യബാബു അല്പം വിഷമിച്ചു. "ഇല്ല. ഞാൻ അങ്ങനെ ഒരാളെ അറിയില്ല. എന്താണ് ഈ ചോദ്യത്തിനു കാരണം?"

വസന്ത: "മറ്റൊന്നുമല്ല. അദ്ദേഹത്തെയല്ലാതെ രാധ വേറെ ഒരാളെ വിവാഹം ചെയ്കയില്ല."

സൗജന്യശാലിയായ വക്കീലിനു വളരെ അസ്വാസ്ഥ്യം തോന്നി. "എന്താണ് നീ പറയുന്നത്? എനിക്ക് അപരിചിതനായ ഒരു യുവാവുമായി രാധ പരിചയം സമ്പാദിച്ചതെങ്ങനെ?"

വസന്ത ഒരു 'വികൃതി'ച്ചിരി ചിരിച്ചു. രഥോത്സവസ്ഥലത്തുനിന്നു ഗൃഹത്തിലേക്കു മടങ്ങിയപ്പോഴത്തെ സംഭവങ്ങൾ അനേകം തവണ വസന്തകുമാരി കേട്ടിട്ടുള്ളതാണ്. അവൾ അതെല്ലാം അച്ഛനെ വിസ്തരിച്ചു കേൾപ്പിച്ചു. അജ്ഞാതനായ രുഗ്മിണീകുമാർ റേയുടെ മധുരമായ ഔദാര്യം ബാബു

വിൻെറ ദയാപൂർണ്ണമായ ഹൃദയത്തിൽ ഗാഢമായി പതിഞ്ഞു.

ബാബു: കുഞ്ഞേ, രാധയോട്, എൻെറ വാക്കായി പറയൂ, വിഷാദാവഹമായ ഒരു അബദ്ധത്തിലാണ് അവൾ പാടിയിരിക്കുന്നതു്. വിവാഹം കൃതജ്ഞതാപ്രകടനത്തിനുള്ള ഒരു ഉപായമല്ല, പറഞ്ഞേക്കു. ഉദാരനായ ആ അപരിചിതനോട് അവൾ ഉപകാരസ്മരണയുള്ളവൾ ആയിരിക്കേണ്ടതാണ്, അതു ഞാൻ സമ്മതിക്കുന്നു. ഉചിതമായ ഏതെങ്കിലും രീതിയിൽ രാധ നന്ദി പ്രകടിപ്പിക്കേണ്ടതുമാണ്. എന്നാൽ വിവാഹത്താൽ സ്വജീവിതത്തെത്തന്നെ അദ്ദേഹത്തിനു നൽകുന്നതു് അതിനുള്ള മാർഗ്ഗം അല്ല. അദ്ദേഹത്തിൻെറ ജാതി എന്താണ്? സ്ഥിതി എന്താണ്? നമുക്ക് അറിയാമോ? പ്രായമെന്തായി? എത്രത്തോളം സ്വത്തുണ്ട്? ഇതൊന്നും അറിഞ്ഞുകൂടാ. ആ മനുഷ്യൻ ഭാര്യയും സന്താനങ്ങളുമുള്ള ഒരാളാണെന്നുവരാനാണ് അധികം എളുപ്പം. എന്നാൽപ്പിന്നെ രാധയെ പത്നിയായി സ്വീകരിക്കുമെന്നു വിചാരിക്കുവാൻ പോലും വഴിയുണ്ടോ?

വസന്ത: അതെല്ലാം വാസ്തവംതന്നെ. എനിക്കും അച്ഛനും എന്നപോലെതന്നെ ഇതെല്ലാം രാധാറാണിക്കും അറിയാം. ആ രാത്രിയിലെ സംഭവ

ത്തിന്ന ശേഷം അവറം ആ രക്ഷകൻെറ ഒരു സങ്കല്പ വിഗ്രഹം സ്വയം നിമ്മിക്കയും ഹൃദയവേദിയിൽ പ്രതിഷ്ഠിക്കയും ചെയ്തിട്ടുണ്ടു്. മററുള്ളവർ കുടുംബ പരദേവതകളെ എന്നപോലെ, രാധ അവളുടെ സങ്കല്പനാഥനെ ആരാധിച്ചുവരികയാണു്. അഞ്ചു സംവത്സരമായല്ലൊ അവറം നമ്മുടെ ഗൃഹത്തിൽ താമസം തുടങ്ങിയിട്ടു്. ആ മനുഷ്യനെക്കുറിച്ചു് അവറം എന്നോടു പറയാത്ത ഒരു ദിവസമെങ്കിലും ഇതിനിടയ്ക്കു് ഉണ്ടായിട്ടുണ്ടോ എന്നു സംശയമാ ണു്. മറെറാരാറംക്കു് അവളെ വിവാഹംചെയ്തുകൊ ടുത്താൽ, ആ യുവതിയുടെ ജീവിതം സുഖാവഹമാക യില്ലെന്നു് ഞാൻ തീത്തുപറയാം.

വസന്തകുമാരി അകത്തേക്കു പോയി. കാമാഖ്യ ബാബു പിന്നീടൊന്നും സംസാരിച്ചില്ല.

# അദ്ധ്യായം 9

"പ്രേമാവിഷ്ടയായ ഒരു യുവതിയുടെ പുതിയ രോഗമാണിതു്. മരുന്നന്വേഷിക്കേണ്ട ദീനംതന്നെ. പ്രഥമൗഷധം അജ്ഞാതനായ രുഗ്മിണീകുമാറിനെ കണ്ടുപിടിക്കുകതന്നെയാണെന്നാണ് എനിക്കു തോന്നുന്നതു്." ഇങ്ങനെ വിചാരിച്ചുകൊണ്ടാണ് കാമാഖ്യബാബു അവിടെനിന്നിറങ്ങിയതു്.

രാധയുടെ അഭ്യുദയത്തിൽ അതികുതുകിയും, വിശാലഹൃദയനും ആയിരുന്ന അദ്ദേഹം മഹാമനസ്കനായ ആ അപരിചിതനെ തിരയുവാൻ വേണ്ടതെല്ലാം ചെയ്തു. നേരിട്ടുതന്നെ അന്വേഷണം നടത്തി. മാത്രമല്ല, തനിക്കുവേണ്ടി പ്രസ്തുത വിഷയത്തിൽ പ്രവൎത്തിക്കുന്നതിനു് ആപ്തസുഹൃത്തുക്കളെ ഏല്പിക്കുകയും ചെയ്തു. സമൎത്ഥനായ ഒരു അഭിഭാഷകനായിരുന്നതിനാൽ ബാബുവിനു് വളരെ കക്ഷികൾ പല ദിക്കുകളിലും ഉണ്ടായിരുന്നു. രുഗ്മിണീകുമാറിനെക്കുറിച്ചു് എന്തെങ്കിലും അറിയുവാൻ സാധിക്കുമോ എന്നു പരീക്ഷിക്കുന്നതിനു് അദ്ദേഹം അവൎക്കൊക്കെ അസംഖ്യം കത്തുകളെഴുതി. പ്രചാര

മുള്ള വത്തമാനപ്പത്രങ്ങൾക്ക് ഇങ്ങനെ ഒരു പരസ്യം കൊടുക്കുകയും ചെയ്തു:

"അടിയിൽ ഒപ്പിട്ടിരിക്കുന്ന ആൾക്ക്, അതിപ്രധാനമായ ഒരു കായ്യത്തെക്കുറിച്ചു സംസാരിക്കുവാൻ, ബാബു രുഗ്മിണീകുമാർറേ അഭിമുഖദർശനത്തിനു് ഒരവസരം നല്കുമോ? ഫലം അദ്ദേഹത്തിനു ഗുണകരമായിരിക്കും എന്നു് ഞാൻ ഉറപ്പു പറയുന്നു."

ഉത്സാഹപൂവ്വമായ ഈ പ്രവൃത്തികൾകൊണ്ടൊന്നും ഉദ്ദിഷ്ടഫലം സിദ്ധിച്ചില്ല. ദിവസങ്ങൾ പോയി; മാസങ്ങൾ പോയി; കൊല്ലങ്ങൾതന്നെ കഴിഞ്ഞു. പിന്നേയും രുഗ്മിണീകുമാറിനെക്കുറിച്ചു് ഒരറിവും കിട്ടിയില്ല.

രാധയ്ക്കു് ദുഃഖജനകമായ മറെറാരു ആപത്തുകൂടി നേരിട്ടു. അവളുടെ ദയാലുവായ മിത്രവും രക്ഷകനും ആയിരുന്ന കാമാഖ്യബാബു കാലധമ്മം പ്രാപിച്ചു. ആ നഷ്ടം അത്യഗാധമായ വ്യസനമാണു് അവൾക്കു് ഉളവാക്കിയതു്. അച്ഛൻ മരിച്ചിട്ടുള്ള സങ്കടം അവൾ ഒരിക്കൽ അറിഞ്ഞിട്ടുണ്ടു്. ഒരിക്കൽകൂടി പിതൃമരണം സംഭവിച്ചതുപോലേയും അശരണയായിത്തീന്നതുപോലേയും ആ മൃദുഹൃദയയ്ക്കു തോന്നിപ്പോയി. ശവസംസ്കാരാദികമ്മങ്ങളെല്ലാം കഴിഞ്ഞതിന്നുശേഷം രാധ അവളുടെ കുടുംബത്തി

ലേക്കു താമസം മാററി. തന്റെ കടങ്ങളുടേയും മററു മുതലുകളുടേയും ഭാരം അവൾ ഏറെറടുക്കുകയും ചെയ്തു. ബാബുവിന്റെ ബുദ്ധിയും ശ്രദ്ധയും വേണ്ട പോലെ പതിഞ്ഞിരുന്നതിനാൽ രാധയുടെ കുടുംബ സ്വത്തു് അപ്പോഴേക്കും വളരെ വർദ്ധിച്ചിട്ടുണ്ടായിരുന്നു.

മുതലുകളെല്ലാം കൈവശം വന്നതിന്നുശേഷം യുവതിയായ ഉടമസ്ഥ രണ്ടുലക്ഷത്തിൽപ്പരം ഉറുപ്പിക സർക്കാരിനെ ഏല്പിക്കുകയാണു് ഒന്നാമതു ചെയ്ത പ്രധാന കൃത്യം. തന്റെ ഗ്രാമത്തിൽ നിർദ്ധനരും പാവങ്ങളും ആയ ആളുകൾക്കു് ഒരു അനാഥമന്ദിരം പണിയിക്കണമെന്നും, ആ സ്ഥാപനത്തിനു് 'രുഗ്മിണീകുമാർ പ്രാസാദം' എന്നു നാമകരണം ചെയ്യണമെന്നുമായിരുന്നു അവളുടെ അപേക്ഷ.

ഗവമ്മേണ്ടുദ്യോഗസ്ഥന്മാക്കു്, സ്ഥാപനസംജ്ഞ കേട്ടപ്പോൾ ഏതാണ്ടത്ഭുതമാണു തോന്നിയതു്. പക്ഷേ, അതു് അവരാലോചിക്കേണ്ടതല്ലല്ലോ. ആ സ്ഥാപനത്തിന്നു വേണ്ട ധനം സംഭാവനചെയ്തു ആൾ നിശ്ചയിക്കേണ്ടതല്ലേ? അഗതിമന്ദിരം നിമ്മിച്ചു; യഥോചിതം ഉൽഘാടനവും നിവ്വഹിച്ചു. ദാരിദ്ര്യം വന്നുചേൎന്നപ്പോൾ രാധയുടെ അമ്മ സ്വന്തം ഗ്രാമം വിട്ടു വിദൂരത്തുള്ള ശ്രീരാമപുരത്തിൽ ചെറിയ

വീട്ടുണ്ടാക്കിപ്പാർക്കുകയാണുണ്ടായത്. സമ്പത്തിൻെറയും സുഖത്തിൻെറയും ലാളനമററ ഉന്നതസ്ഥിതിയിൽ ജീവിച്ചിരുന്ന പ്രദേശത്തുതന്നെ നിത്യവൃത്തിക്കുപോലും ഉപായമില്ലാത്ത നിലയിൽ കഴിഞ്ഞുകൂടുന്നതു് ആത്മാഭിമാനമുള്ളവക്കൊക്കെ അതിദുസ്സഹമായിട്ടു തോന്നുമല്ലോ. അവരുടെ പൂർവ്വകുടുംബം രാജപുരം ഗ്രാമത്തിലായിരുന്നു. അതു ഞാൻ വ്യക്തമാക്കിയില്ലെങ്കിൽ ഈ കഥാനായകനെക്കുറിച്ചു പൂർണ്ണമായി അറിയുവാൻ എൻെറ വായനക്കാക്കു ക്ലേശം നേരിടും. ആ ഗ്രാമത്തിൽ സ്വഭവനത്തിന്നഭിമുഖമായിട്ടാണു് രാധ തൻെറ ജീവിതക്ലേശങ്ങളുടേയും കൃതജ്ഞതാതിരേകത്തിൻെറയും സ്മാരകമായ അഗതിമന്ദിരം പണിയിക്കുവാൻ ആവശ്യപ്പെട്ടതു്. ഭാഗ്യഹീനരും ദരിദ്രന്മാരുമായ ആളുകൾ അനേകം നാഴിക അകലെനിന്നുകൂടി വന്നുചേൎന്നു. അചിരേണ ആ സ്ഥാപനത്തിൽ സ്ഥലമില്ലാതായി എന്നു പറഞ്ഞാൽ മതിയല്ലൊ. 'രുഗ്മിണീകുമാർ പ്രാസാദം' എന്ന സ്ഥാപനത്തിൻെറ പ്രസിദ്ധി സവ്വത്ര പരന്നു.

# അദ്ധ്യായം 10

ഒന്നു രണ്ടു സംവത്സരം അങ്ങനെ കഴിഞ്ഞു. ഒരിക്കൽ ആ അഗതിമന്ദിരത്തിൻെറ പുരോഭാഗത്തു് ഒരു മാന്യയുവാവു് പ്രത്യക്ഷമായി. ആ പഥികനു് മുപ്പത്തഞ്ചോ മുപ്പത്താറോ വയസ്സിലധികം ആയിരിക്കയില്ല. സൗമ്യമെങ്കിലും ഗാംഭീര്യം സ്ഫുരിക്കുന്നതായിരുന്നു അദ്ദേഹത്തിൻെറ മുഖഭാവം. സുഖാവഹമായ ഒരു സ്ഥിതിയിലായിരിക്കണം അദ്ദേഹത്തിൻെറ ജീവിതം. ആഗതൻ അഗതിമന്ദിരത്തിൻെറ മുൻപിൽ കുറച്ചുനേരം എന്തോ അറിയുവാനെന്നപോലെ നിന്നു. ഒടുക്കം, അവിടെ നിന്നിരുന്ന ചില ഭൃത്യന്മാരോടു് "ഇതു് ആരുടെ വസതിയാണു്?" എന്നു ചോദിച്ചു. അതൊരു വ്യക്തിയുടെ വസതിയല്ലെന്നും അശരണരും നിസ്സഹായരുമായ ജനങ്ങൾക്കുള്ള സ്ഥാപനമാണെന്നും അവരിൽനിന്നു മനസ്സിലായി. ആ ശാലയുടെ പേരും അവരോടു ചോദിച്ചു് അദ്ദേഹം ഗ്രഹിച്ചു.

ആഗതൻ: "എനിക്കു് ഈ അനാഥമന്ദിരം സന്ദർശിച്ചാൽ കൊള്ളാമെന്നുണ്ടു്; വിരോധമുണ്ടോ?"

ഭൃത്യന്മാർ: വിരോധമോ? എന്തുകൊണ്ടു്? നാട്ടിലുള്ള പാവങ്ങൾക്കും പട്ടിണിക്കാർക്കും തുറന്നിട്ടിരിക്കുന്ന ഈ സ്ഥാപനത്തിൽ അങ്ങയെപ്പോലുള്ള ഒരു മാന്യൻ പ്രവേശിക്കുവാൻ പാടില്ലെന്നു വരുമോ?

അപരിചിതൻ അകത്തു കടന്നു് എല്ലാഭാഗവും ചുററിനടന്നു കണ്ടു. എന്നിട്ടു് അനാഥശാലയുടെ പടിക്കലേക്കു തിരിച്ചുചെന്നു പറഞ്ഞു:

"ദാരിദ്ര്യപീഡിതർക്കും രോഗബാധിതർക്കും വേണ്ടി ചെയ്തിട്ടുള്ള ഏർപ്പാടുകളെല്ലാം ഞാൻ സാവധാനം പരിശോധിച്ചു. അവരുടെ സുഖജീവിതത്തിനു വേണ്ട സകല സൗകര്യങ്ങളും ഇവിടെ ഉണ്ടു്. എനിക്കു് ഇതിലധികം സന്തോഷം ജനിക്കുവാനില്ല. ആരുടെ ഔദാര്യത്തിൻേറയും മഹാമനസ്കതയുടേയും ഫലം ആണു് ഈ സ്ഥാപനം? അദ്ദേഹത്തിൻെറ നാമധേയം രുഗ്മിണീകുമാർ എന്നാണോ?"

പരിചാരകന്മാർ: "അല്ല. ഞങ്ങളുടെ സ്വാമിനി ശ്രീമതി രാധാറാണിയാണു് ഈ അഗതിമന്ദിരത്തിൻെറ സ്ഥാപിക."

ആഗതൻ: "എന്നാൽ പിന്നെ എന്താണു് ഈ സ്ഥാപനത്തിനു 'രുഗ്മിണീകുമാർ പ്രാസാദം' എന്നു നാമധേയം നൽകിയിരിക്കുന്നതു്?"

തങ്ങൾക്കറിഞ്ഞുകൂടെന്നായിരുന്നു അവരുടെ ഉത്തരം.

"ആരാണു്, എന്നാൽ, ഈ രുഗ്മിണീകുമാർ?"

"ഞങ്ങൾക്കറിഞ്ഞുകൂടാ."

"നിങ്ങളുടെ ഔദാര്യശാലിനിയായ സ്വാമിനി എവിടെയാണു താമസിക്കുന്നതു്?"

വളരെ സമീപത്തുതന്നെയുള്ള ഒരു പ്രാസാദം അവർ ചൂണ്ടിക്കാണിച്ചു.

അപരിചിതൻ: "ആ മഹതി ഭർത്താവൊരുമിച്ചു താമസിക്കയാണോ? അതോ വിധവയോ?"

"വിവാഹം കഴിച്ചിട്ടുമില്ല, വിധവയുമല്ല. ആഭിജാത്യവും സമ്പത്തും ഉള്ള ഒരു കുടുംബത്തിലാണു് ഞങ്ങളുടെ സ്വാമിനിയുടെ ജനനം. ബന്ധുക്കളൊക്കെ മരിച്ചുപോയിരിക്കുന്നു. വിവാഹം ആലോചിച്ചു നടത്തിക്കുവാൻ ആരും ഇല്ല."

"ആ മാന്യ, പുരുഷന്മാരായ സന്ദർശകന്മാർക്കു് എപ്പോഴെങ്കിലും കാണുവാൻ അവസരം കൊടുക്കുമോ? എൻെറ ചോദ്യംകൊണ്ടു വിരോധം തോന്നരുതു്. ആംഗലമഹിളകളെപ്പോലെ ഇക്കാലത്തു് അനേകം ഹിന്ദുവനിതകൾ സ്ത്രീപുരുഷന്മാർ കലന്ന സംഘങ്ങളിൽ സമ്മേളിക്ക പതിവുണ്ടു്. അതുകൊണ്ടു ചോദിച്ചതാണു്."

"വാസ്തവം!" അല്പം കോപത്തോടുകൂടിയാണ് ഭൃത്യന്മാർ മറുപടി പറഞ്ഞതു്. "ഞങ്ങളുടെ സ്വാമിനിക്കു് അമ്മാതിരിയുള്ള ശീമപ്പരിഷ്കാരങ്ങളിൽ ഭ്രമമില്ല. കുടുംബസുഹൃത്തുക്കളായിരുന്നാൽപ്പോലും, റാണി പുരുഷന്മാരെ നേരിട്ടു കാണാറില്ല."

അപരിചിതൻ മനോരാജ്യത്തോടുകൂടി ആ മാന്യ താമസിക്കുന്ന സ്ഥലത്തേക്കു തിരിച്ചു. സല്ക്കാരസന്നദ്ധമായ ആ വസതിയുടെ പുരോഭാഗത്തേക്കു് അദ്ദേഹം കടന്നുചെന്നു.

# അദ്ധ്യായം 11

മാന്യനായ ഒരു സാധാരണ ബങ്കാളിയുവാവിനെപ്പോലെയാണു മിക്കവാറും ആ അതിഥി വസ്ത്രധാരണം ചെയ്തിരുന്നതു്. ശ്രദ്ധ പോരെന്നോ ആഭിജാത്യമില്ലെന്നോ തോന്നിക്കുന്ന യാതൊന്നും അദ്ദേഹത്തിൻെറ വസ്ത്രധാരണാദികളിൽ ഉണ്ടായിരുന്നില്ലെങ്കിലും ദൃഷ്ടികളെ സമാകർഷിക്കത്തക്കവണ്ണം വിശേഷമായി വല്ലതും ഉണ്ടായിരുന്നുവോ എന്നു സംശയമാണു്. മോതിരത്തിൽ അസാമാന്യപ്രകാശത്തോടുകൂടിയ ഒരു വൈരം മിന്നിത്തിളങ്ങിയിരുന്നു. അത്രമാത്രം. പടിക്കൽ കാവൽ നിന്നിരുന്ന പരിജനങ്ങളുടെ ശ്രദ്ധയ്ക്കു് വിഷയമാകത്തക്കവണ്ണം അത്ര വലുപ്പവും ഭംഗിയും ഉള്ളതായിരുന്നു ആ അംഗുലീയരത്നം. അത്ര മഹത്തായ ഒരു രത്നം അവർ അതിനു മുൻപു കണ്ടിട്ടുണ്ടായിരുന്നില്ല. എങ്കിലും, ഏകാകിയായിരുന്ന ആ അപരിചിതൻെറകൂടെ വാലിയക്കാരും മററും ഇല്ലായിരുന്നു. “ആരായിരിക്കും ഇദ്ദേഹം?” എന്നു ഭൃത്യന്മാർ തമ്മിൽത്തമ്മിൽ ചോദിച്ചു.

അദ്ദേഹം സ്വയം ആരാണെന്നു പറയുമല്ലോ എന്നു വിചാരിച്ചു് അവർ അല്പനേരം കാത്തു.

അങ്ങനെ ചെയ്യേണ്ട ആവശ്യം ആ മാന്യൻ കേവലം വിസ്മരിച്ചതുപോലെയാണ് അവക്ക് തോന്നിയത്. റാണിയുടെ കാര്യസ്ഥന്റെ അടുക്കലേക്ക തന്നെ കൊണ്ടുപോകുന്നതിന്ന് അദ്ദേഹം അവരോട് ആവശ്യപ്പെട്ടു. ആ ഉദ്യോഗസ്ഥന്റെ കൈയിൽ ഒരു എഴുത്തു കൊടുത്തിട്ട് ആ യുവാവ് ഇങ്ങനെ അപേക്ഷിച്ചു: "നിങ്ങളുടെ സ്വാമിനിയുടെ കൈയിൽ ഈ സന്ദേശം എത്തിക്കുമോ? മറുപടികൂടി അറിഞ്ഞു വന്നാൽ കൊള്ളാം."

കാര്യസ്ഥൻ ബഹുമാനപൂർവ്വം പറഞ്ഞു: "സ്വാമിനിക്ക വളരെ ചെറുപ്പമാണ്; പരിണയവും കഴിഞ്ഞിട്ടില്ല. അതുകൊണ്ട് അപരിചിതന്മാരുടെ അടുക്കൽനിന്നു വരുന്ന കത്തുകൾ ഞങ്ങൾ പൊട്ടിച്ചു വായിച്ചിട്ട് ആവശ്യമുള്ളതാണെങ്കിൽ മാത്രമേ അങ്ങോട്ടു കൊടുക്കേണ്ടതുള്ളു എന്നാണ് ആജ്ഞാപിച്ചിരിക്കുന്നത്."

അപരിചിതൻ സമ്മതിച്ചു. "കൊള്ളാം. എന്നാൽ ഇതു വായിച്ചു നോക്കിക്കൊള്ളു."

കാര്യസ്ഥൻ കുടു തുറന്നു നോക്കി. അതിൽ ഇങ്ങനെ എഴുതിയിരിക്കുന്നതാണു കണ്ടത്:

"പ്രിയ സോദരി,

ഈ സന്ദേശം കൊണ്ടുവരുന്നത് ഒരു പുരുഷനാണെങ്കിലും, ഒരു സ്വകാര്യസന്ദർശനത്തിന്

അനുവാദം കൊടുക്കണം. ഭയം വേണ്ട. എന്താണു ണ്ടായതെന്നു് എനിക്കു് എഴുതി അയയ്ക്കുവാൻ മറക്ക രുതു്.

നിൻെറ പഴയ കൂട്ടുകാരി

വസന്തകുമാരി."

കാമാഖ്യബാബുവിൻെറ പുത്രിയുടെ കൈയെഴു ത്തു സുപരിചിതമായിരുന്നതിനാൽ പിന്നെ ആരും ഒരു തടസ്സവും പുറപ്പെടുവിച്ചില്ല.

JAWAHAR ... GRANDHASALA KIDARAKKUZHI, VEN... Reg. No. 273

# അദ്ധ്യായം 12

അപരിചിതനു് മറുപടി കിട്ടുവാൻ കാത്തുനി ല്ക്കേണ്ടിവന്നില്ല. ഉടനെ ഒരു പരിചാരിക വന്നു് അദ്ദേഹത്തെ അകത്തേക്കു കൂട്ടിക്കൊണ്ടുപോയി. പുരുഷന്മാർ അദ്ദേഹത്തെ അനുഗമിച്ചില്ല. അങ്ങ നെയായിരുന്നു രാധയുടെ നിയോഗം. ആ യുവതിയു ടെ ഹൃദയം പ്രകൃത്യാ അധീരമായിരുന്നെങ്കിലും, വസന്തയുടെ സന്ദേശം അവളെ ധൈര്യപ്പെടുത്തി.

പരിചാരിക ആ സന്ദർശകനെ മനോഹരമായ വിധത്തിൽ സജ്ജമാക്കിയിട്ടുള്ള ഒരു മുറിയിൽ പ്രവേശിപ്പിച്ചു. രാധയുടെ സ്വകാര്യമുറിയായിരുന്നു അതു്. അവിടെ ഇദംപ്രഥമമായിട്ടാണു് ഒരു പുരു ഷൻ കടന്നുചെല്ലുന്നതു്. അദ്ദേഹത്തെ കണ്ടമാത്ര യിൽ ഒരു ദാസി വിവരം അറിയിക്കുവാൻ അകത്തേ ക്കു പോയി. മറ്റൊരുവൾ, ആ വർഗ്ഗത്തിൻെറ സാമാ ന്യസ്വഭാവം അനുസരിച്ചു്, ആഗതൻെറ ആകൃതി സൂക്ഷിച്ചു നോക്കി ഗ്രഹിക്കുവാൻ ശ്രമിച്ചു.

മല്ലികപ്പൂവുപോലെ സുഭഗമായ വർണ്ണവും, നീണ്ടു വിടൎന്ന നിഷ്കളങ്കമായ നയനവും, സൗമ്യമെ

ങ്കിലും ഗംഭീരമായ മുഖഭാവവും അദ്ദേഹം ഒരഭിജാതനാണെന്നു വെളിപ്പെടുത്തുന്നതായി അവൾക്കു തോന്നി.

രാധാറാണി ആ മുറിയിലേക്കു കടന്നപ്പോൾ പരിചാരിക അവരുടെ അനുവാദത്തോടുകൂടി അവിടെനിന്നു പോയി. ആ സുമുഖിയായ തരുണിയെ സന്ദർശിച്ചപ്പോൾ തൻെറ ജീവിതത്തിൽ ദിവ്യപ്രകാശം പ്രസരിപ്പിക്കുന്ന ഒരു പുതിയ ഉഷസ്സ് പ്രത്യക്ഷമായതുപോലെയാണ് അതിഥിക്കു തോന്നിയത്. വാസ്തവത്തിൽ ആദ്യം സംസാരിക്കേണ്ടതു് അദ്ദേഹത്തിൻെറ മുറയായിരുന്നു. പുരുഷനല്ലേ? പോരെങ്കിൽ രാധയേക്കാൾ പ്രായവും കൂടുതലായിരുന്നുവല്ലോ. പക്ഷേ, ആ അംഗനാരത്നത്തിൻെറ സൗന്ദര്യത്താൽ ആകൃഷ്ടഹൃദയനായ ആ യുവാവിനു സംസാരിക്കുവാൻ സാധിച്ചില്ല. അദ്ദേഹത്തിൻെറ മൗനം രാധാറാണിയെ അല്പം അസ്വസ്ഥയാക്കി.

രാധ: "എന്തിനാണ് ഒററയ്ക്ക് എന്നെ കാണണമെന്നു് ആവശ്യപ്പെട്ടതെന്നു നിങ്ങൾ ദയാപൂർവ്വം വിശദമാക്കുമോ? നിങ്ങൾക്കറിയാമല്ലൊ, ഞാൻ അപരിണീതയായ ഒരു സ്ത്രീയാണ്. ഈ സന്ദർശനത്തിനു ഞാൻ സമ്മതിച്ചതു് വസന്തയുടെ പ്രാർത്ഥനയോർത്തു മാത്രമാകുന്നു."

ആഗതൻ: "നിങ്ങളെ കാണുക എന്ന മഹാ ഭാഗ്യത്തിനു് അതിമോഹമുണ്ടായിരുന്നു എന്നു പറ യുവാൻ എന്നാലും, ഞാൻ സന്നദ്ധനല്ല."

രാധയ്ക്കു കുറേക്കൂടി നീരസം തോന്നി. "അങ്ങ നെയാണോ?" അവൾ തുടൎന്നു: "നിങ്ങളെ കാണു വാൻ എന്നോടു് ആവശ്യപ്പെട്ടതിനുള്ള കാരണം എൻെറ സുഹൃത്തു വിവരിച്ചിരുന്നില്ല. നിങ്ങൾക്കു് അതു് എന്നെ ഗ്രഹിപ്പിക്കുവാൻ കഴിയുമായിരിക്കും."

അതിഥി ഒന്നും മിണ്ടാതെ കീറിപ്പറിഞ്ഞ ഒരു പഴയ വൎത്തമാനക്കടലാസ്സിൻെറ ഏടു് എടുത്തു് രാധാറാണിയുടെ കൈയിൽ കൊടുത്തു. ചിരകാലമാ യി അന്വേഷിച്ചുകൊണ്ടിരുന്ന രുഗ്മിണീകുമാറിനെ ഗ്രഹിപ്പിക്കുവാൻ വേണ്ടി കാമാഖ്യബാബു പരസ്യം കൊടുത്തിരുന്ന പത്രത്തിൻെറ ഒരു പ്രതിയായിരുന്നു അതു്. അതു കണ്ടപ്പോൾ, രാധയുടെ ദേഹം കൊടു ങ്കാററത്തു, ചന്ദനവല്ലിപോലെ വിറച്ചുപോയി. ആ അപരിചിതൻെറ സുന്ദരമായ മുഖത്തു കണ്ണു പതി പ്പിച്ചപ്പോൾ ഇദ്ദേഹംതന്നെയായിരിക്കുമോ ബാല്യ ത്തിൽ ഉപകാരം ചെയ്ത ആ മാന്യൻ എന്നു് അവൾ സംശയിക്കാതിരുന്നില്ല. കന്യകാസഹജമായ ലജ്ജ യെ ഉല്ക്കടമായ ജിജ്ഞാസ ജയിച്ചതിനാൽ ആശ സ്സുരിക്കുന്ന സ്വരത്തിൽ അവൾ ചോദിച്ചു:

"ഭാഗ്യത്താൽ, അങ്ങ് ആണോ രുഗ്മിണീകുമാർ ബാബു?"

അപരിചിതൻ മറുപടി കൊടുത്തു: "അല്ല!"

അപ്രതീക്ഷിതമായ ഈ സമാധാനം ശ്രവിച്ചപ്പോൾ അവൾ ഒരു കസേരയുടെ അടുക്കലേക്കു പതുക്കെ നീങ്ങി. നില്ക്കുവാൻ അവൾക്കു ശക്തിയില്ലാതായി. ആകസ്മികങ്ങളും അന്യോന്യവിരുദ്ധങ്ങളും ആയ വികാരങ്ങൾ അവളെ വ്യാകുലയാക്കിത്തീർത്തു.

"അല്ല," സന്ദർശകൻ ആവർത്തിച്ചു. "ഞാൻ രുഗ്മിണീകുമാർ ബാബുവായിരുന്നുവെങ്കിൽ നിങ്ങളുടെ രക്ഷകൻ ഈ പരസ്യം പുറപ്പെടുവിക്കുമായിരുന്നില്ല. എന്തുകൊണ്ടെന്നോ? ഞാൻ അദ്ദേഹത്തിനു സുപരിചിതനായിരുന്നു. എന്നാൽ ഇതു ഞാൻ വർത്തമാനപ്പത്രത്തിൽ കണ്ടപ്പോൾ മേലിൽ ഉപയോഗിക്കുന്നതിനു സശ്രദ്ധം സൂക്ഷിച്ചുവെക്കയാണുണ്ടായതു്."

"ഈ പരസ്യം അങ്ങയെ സംബന്ധിക്കുന്നതായിരുന്നില്ലെങ്കിൽ, ഞാൻ ചോദിക്കട്ടെ, അങ്ങ് ഇതു് എന്തിനാണു സൂക്ഷിച്ചതു്?"

"ഒരു നേരംപോക്കിനു്; അല്ലാതെന്താ? എട്ടുപത്തു സംവത്സരങ്ങൾക്കു മുൻപു് ആപത്തിനെപ്പററി ചിന്തകൂടാതെ അലഞ്ഞുനടക്കുന്ന ആളുകളെ അന്വേഷിക്കുന്നതിനു കാൽനടയായി സഞ്ചരിക്കുന്നതു്

എൻെറ ഒരു വിനോദമായിരുന്നു. ഈ രാജ്യത്തു് അങ്ങനെയുള്ള സഞ്ചാരങ്ങൾ മാന്യമായിട്ടല്ലല്ലോ കരുതാറുള്ളതു്. എൻെറ സ്നേഹിതന്മാരുടെ പരിഹാസത്തിനു ഞാൻ പാത്രമായിത്തീരുമോ എന്നു് എനിക്കു ഭയം തോന്നി. അതിനാൽ ഞാൻ രുഗ്മിണീകുമാർ എന്ന ഒരു കല്പിതനാമം സ്വീകരിച്ചതാണു്. എന്താണു് അത്ഭുതപ്പെട്ടതുപോലെ തോന്നുന്നതു്?"

രാധാറാണിക്കു തൻെറ ഭാവഭേദങ്ങളെ മറയ്ക്കുവാൻ വളരെ പണിപ്പെടേണ്ടിവന്നു.

അപരിചിതൻ തുടൎന്നു: "ഈ പേരിനു നിയമദൃഷ്ട്യാ അവകാശമുള്ള ഒരാളേയും ഞാൻ അറിയുകയില്ല. എന്നെ കാണുവാൻ ഒരാൾ അന്വേഷിക്കുക എന്നുള്ളതു് എനിക്കു് ഏററവും അസംഭാവ്യമായിത്തോന്നി. പിന്നീടു തോന്നി, ഈ കടലാസ്സു് സൂക്ഷിക്കാമെന്നു്. എങ്കിലും ഈ വിഷയത്തെപ്പററി കാമാഖ്യബാബുവിനോടു ചോദിക്കുവാനുള്ള ധാൎഷ്ട്യം എനിക്കുണ്ടായില്ല."

"പിന്നെ?"

"പിന്നെ നിങ്ങളുടെ രക്ഷകൻ മരിച്ചപ്പോൾ അദ്ദേഹത്തിൻെറ പുത്രൻ സംസ്കാരകൎമ്മാദികൾക്കു് എന്നെ ക്ഷണിച്ചു. പക്ഷേ, കൃത്യാന്തരങ്ങൾ അതു് സ്വീകരിക്കുന്നതിനു പ്രതിബന്ധമായിത്തീൎന്നു. ഗൃഹ

ത്തിൽ മടങ്ങിയെത്തിയപ്പോൾ എനിക്കു സ്വാഭാവികമായിട്ടുണ്ടായ ആഗ്രഹം പരേതനായ കാമാഖ്യബാബുവിൻെറ കുടുംബക്കാരെ കാണുവാനും അതിപ്രധാനമായ ഒരു സന്ദർഭത്തിൽ സന്നിഹിതനാകുവാൻ സാധിക്കാതെ വന്നതിനു ക്ഷമായാചനം ചെയ്യുവാനമായിരുന്നു. അല്പം ഒരു നേരംപോക്കായിട്ട് ഞാൻ ഈ പരസ്യവും കൊണ്ടുപോയി. സംഭാഷണത്തിനിടയ്ക്കു കാമാഖ്യബാബുവിൻെറ ജ്യേഷ്ഠപുത്രനോട് ഈ പരസ്യത്തിനു് ഇടയായതെങ്ങനെ എന്നു ചോദിക്കുവാൻ ഉപായമുണ്ടാക്കി. രാധാറാണിയുടെ നിയോഗപ്രകാരമാണു് അതെന്നായിരുന്നു അദ്ദേഹത്തിൻെറ സമാധാനം. എനിക്കും ഒരു രാധാറാണിയെ കണ്ടുമുട്ടുവാൻ ഇടവന്നിട്ടുണ്ടായിരുന്നു. ഒരിക്കൽ മാത്രമേ ഞാൻ അവളെ കണ്ടിട്ടുള്ളുവെങ്കിലും എൻെറ സ്മൃതിപഥത്തിൽനിന്നു് അവളെ അകററിനിർത്തുവാൻ എനിക്കു സാധിച്ചിരുന്നില്ല. ആ കുട്ടി, മിക്കവാറും, പട്ടിണിതന്നെയായിരുന്നുവെങ്കിലും രോഗിണിയായ അമ്മയ്ക്കു് അത്യാവശ്യമുള്ള ചില സാധനങ്ങൾ വാങ്ങുവാൻ കാട്ടുപൂക്കൾകൊണ്ടു് ഒരു മാലകോർത്തുണ്ടാക്കിയിരുന്നു. കൂരിരുട്ടിൽ പെരുംമഴയത്തു് നിരാശയായ അവൾ വീട്ടിലേക്കു വിഷമിച്ചു നടക്കുമ്പോഴാണു് ഞാൻ കണ്ടെത്തിയതു്. സാധുക്കുട്ടി, അവ

ളുടെ കഷ്ടപ്പാടുകളെപ്പററിയുള്ള വിചാരം ഇപ്പോഴും എന്നെ വിഷാദിപ്പിക്കുന്നു.''

വക്താവിൻെറ ശബ്ദം വികാരവിഹ്വലത പ്രത്യക്ഷമാക്കി. രാധാറാണി പൊങ്ങിവന്ന കണ്ണുനീരിറക്കി. എന്നാലും, ധൈര്യപൂർവ്വം അവൾ പറഞ്ഞു:

"ഒരു പാവപ്പെട്ട ചെറിയ പെൺകുട്ടിയെപ്പററി എന്തിനാണ് ഇത്രയൊക്കെ പറയുന്നത്? ഞാനുമായിട്ട നിങ്ങൾക്ക് എന്തു കാര്യമാണുള്ളതെന്നു സദയം വിവരിക്കുമോ?''

അതിഥി: "ആ കുട്ടിയെപ്പററി ഇങ്ങനെ പരുഷമായിപ്പറയരുത്. ഈ ലോകത്തിൽ സ്വഭാവമാധുര്യം തികഞ്ഞ ഒരു പെൺകുട്ടി എപ്പോഴെങ്കിലും ഉണ്ടായിട്ടുണ്ടെങ്കിൽ അതു് എനിക്കു വഴിയിൽവെച്ചു പരിചയപ്പെട്ട ആ രാധാറാണിയാണ്. ദേശസഞ്ചാരത്തിനിടയ്ക്കു്, ആഭിജാത്യവും സൗജന്യവും നിറഞ്ഞ ഒരു സ്ത്രീക്കു വേണ്ട സർവ്വഗുണങ്ങളോടുകൂടി ഒരു കന്യകയെ ഞാൻ കണ്ടിട്ടുണ്ടെങ്കിൽ അതു് എൻെറ ആ കൊച്ചുസുഹൃത്തു്, രാധാറാണിയാണ്. അവളുടെ അകൃത്രിമമായ സംഭാഷണത്തിലാണ് അമൃതു്. നിങ്ങൾ ചിരിക്കുമായിരിക്കാം. സ്വർഗ്ഗീയമായ ഒരു മാധുര്യം അവളുടെ സരളവും സ്ഫടികനിർമ്മലവുമായ സംഭാഷണത്തിലേ എനിക്കു് അനുഭവ

പ്പെട്ടിട്ടുള്ളൂ. ഒരു സ്ത്രീയുടെ ശബ്ദവും അത്രമാത്രം എൻെറ ഹൃദയത്തെ സ്പർശിച്ചിട്ടില്ല, എൻെറ സ്മൃതിയിൽ രൂഢമൂലമായിട്ടുമില്ല."

രുഗ്മിണീകുമാർ (നമുക്ക് ഇപ്പോഠം അദ്ദേഹത്തെ അങ്ങനെ വിളിക്കാം) തന്നത്താൻ പറഞ്ഞു: "ഇപ്പോഠം ഞാൻ കേഠക്കുന്ന ചേതോഹരമായ ശബ്ദവും അങ്ങനെത്തേതുതന്നെ."

ആ പെൺകുട്ടിയുടെ അപൂർണ്ണങ്ങളായ വാക്കുകഠം കേട്ടിട്ട് ഇപ്പോഠം അനേകം കൊല്ലങ്ങഠം കഴിഞ്ഞിരിക്കുന്നു. എന്നിട്ടും തൻെറ മുൻപിൽ നില്ക്കുന്ന സുന്ദരിയുടെ സംസ്കാരമധുരമായ ശബ്ദത്തിൽ അദ്ദേഹം അതു തിരിച്ചറിഞ്ഞു. ഇന്നലെ കഴിഞ്ഞ സംഗതിപോലെയാണ് അദ്ദേഹത്തിനു് അതു തോന്നിയതു്. എങ്കിലും, ആ രാധാറാണിതന്നെയാണോ ഇതു് എന്നു് അദ്ദേഹം സംശയിച്ചു. "എന്തൊരു വിഡ്ഢിയാണ് ഞാൻ! അതു് ഒരു ഭീരുവായ യാചകബാലിക; പാർത്തിരുന്നതോ ഒരു വയ്ക്കോൽപ്പുരയിൽ. ഇതു് നിസ്സീമമായ സ്വത്തിൻെറ ഉടമസ്ഥയായ ഒരു സൗഭാഗ്യവതി. എൻെറ സ്മരണയിൽ ആരുടെ മധുരസ്വരമാണോ ഇപ്പോഴും തങ്ങിനില്ക്കുന്നതു് ആ ബാലികയെ ഞാൻ നല്ലപോലെ കാണുകതന്നെയുണ്ടായിട്ടില്ല. അവഠം സുരൂപയോ വിരൂപയോ എന്നുപോലും എനിക്കറിഞ്ഞുകൂടാ."

# അദ്ധ്യായം 13

അപരിചിതൻെറ സൗജന്യവും മര്യാദയും വ്യഞ്ജിക്കുന്ന സംഭാഷണം ശ്രവിക്കുംതോറും, അത്ഭുതപൂർവ്വവും ആനന്ദമയവും ആയ ഒരു വികാരം തൻെറ യുവഹൃദയത്തിൽ നിറയുന്നതായി രാധയ്ക്കു തോന്നി. അവളുടെ ആത്മഗതം ഇങ്ങനെയായിരുന്നു: "എനിക്കെന്തൊരു സന്തോഷം! ആ പണ്ടത്തെ കൊച്ചു കുട്ടുകാരിയെക്കുറിച്ച് അങ്ങു ചെയ്ത ഈ പ്രശംസകളൊക്കെ വാസ്തവത്തിൽ അങ്ങോട്ടു ചെയ്യേണ്ടതാണ്. സുദീർഘലമായ എട്ടു സംവത്സരത്തെ വിയോഗത്തിനു ശേഷം ഇപ്പോൾ എവിടെനിന്നാണ് അങ്ങ് എത്തിയതു്? സ്വർഗ്ഗത്തിൽനിന്നു ചിരപ്രാർത്ഥിതനായ ഒരു ദേവൻ ഇറങ്ങിവന്നാൽ ആരാധികയ്ക്കു് ജനിക്കാവുന്നതിൽ കവിഞ്ഞ ഹർഷാത്ഭുതങ്ങളാണ് എൻെറ ആത്മാവിലിപ്പോൾ അലതല്ലുന്നതു്.

"അവസാനത്തിൽ, അങ്ങയുടെ ആത്മാവിനെ സ്നേഹപൂർണ്ണമായ ഈ അടിമയുടെ ഹൃദയഭക്തി സ്പർശിക്കയും ആർദ്രമാക്കുകയും ചെയ്തിരിക്കുമോ? യുവതികളുടെ ലതാമണ്ഡപങ്ങളിലേക്ക് അദൃശ്യമായി ചെല്ലുവാൻ ശക്തനായ ഒരു ദേവനാണോ

അങ്ങ്? അല്ലെങ്കിൽ നിശ്ശബ്ദവും നിഗൂഢവുമായി ഈ സാധു അങ്ങയെ ഇത്രകാലം ആരാധിച്ചുവന്നതു് എങ്ങനെ അറിഞ്ഞു?"

ഇന്നാദ്യമായിട്ടാണു്; അവർ രണ്ടുപേരും അന്യോന്യദൎശനത്തിൽ ഇങ്ങനെ വിചാരിച്ചുപോയി: "ഇതുപോലെ മററൊരാളുണ്ടോ? സമുദ്രങ്ങളും നദികളും മനുഷ്യവാസയോഗ്യങ്ങളായ മനോഹരഗ്രാമങ്ങളും നഗരങ്ങളും നിറഞ്ഞ ഈ വിസ്തൃതലോകത്തിൽ ഇത്ര ആരോഗ്യവും ഇത്ര സൗഭാഗ്യവും ഇത്ര സന്തോഷവും, ഇത്ര പൊടിയുമുണ്ടെങ്കിലും ഇത്ര ഒതുക്കവും ആൎക്കാണുള്ളതു്! വളരെ പരിചയമുള്ള ആത്മസുഹൃത്താണെന്നും അതേസമയത്തു് ദൎശനത്തിൽ ആകർഷകമായ അഭിനവത്വം ഉണ്ടെന്നും തോന്നുന്നു! ആത്മാവിൽ നിധിപോലെ സൂക്ഷിച്ചിട്ടുണ്ടു്; പക്ഷേ, നേരിട്ടു കണ്ടിട്ടില്ല. ഹൃദയത്തിനെന്തൊരടുപ്പം! എന്നിട്ടും എന്തൊരകൽച്ച! ഇങ്ങനെ ഒരാളെ കണ്ടിട്ടില്ല; ഇനി കാണുകയുമില്ല. ഹാ! സുദിനം, സ്നേഹത്തിൻെറ ഇന്ദ്രജാലം!"

രാധാറാണിയാണു് ആദ്യം മൗനം ഭഞ്ജിച്ചതു്. തുടക്കത്തിൽ സംസാരിക്കുവാൻ പ്രയാസവും വിവശതയും ഉണ്ടാകാതിരുന്നില്ല. ചിരിയും കണ്ണുനീരും അവരുടെ മധുരസംഭാഷണത്തിൽ കൂടിക്കലൎന്നിരുന്നു.

രാധാറാണി: "ഇതുവരെ താങ്കൾ ആ പിച്ചക്കാരത്തിപ്പെൺകുട്ടിയെപ്പററി മാത്രമേ പറകയുണ്ടായുള്ളു. എൻെറ അടുക്കൽ എന്തിനാണു വന്നിരിക്കുന്നതെന്നു വിശദമാക്കുവാൻ ഞാൻ ഓമ്മിപ്പിക്കണമോ?"

രാധാറാണീ! ആരുടെ സന്ദശ്നത്തിലാണോ നിൻെറ നയനങ്ങളിൽ ആനന്ദാശ്രു നിറഞ്ഞതു്, ചിരകാലത്തെ പ്രേമാരാധനം, പഴയ ഹൈന്ദവസമ്പ്രദായത്തിൽ 'ആത്മനാഥാ!' എന്നും മററും ആരെ വിളിക്കുവാനാണോ നിന്നെ പ്രചോദിപ്പിച്ചതു്, ആ യുവാവിനെ ഇങ്ങനെയാണോ അഭിസംബോധനം ചെയ്യേണ്ടിയിരുന്നതു്? എന്നാലും തരുണി എന്ന നിലയിൽ തനിക്കുള്ള അധികാരമോത്തു് ആഹ്ലാദിക്കുവാനും, ആ യാചകപ്പെൺകുട്ടിയെക്കുറിച്ചു് എനിക്കറിഞ്ഞിട്ടു് എന്തുവേണം എന്ന ചോദ്യത്താൽ പ്രക്ഷോഭിപ്പിക്കുവാനും തോന്നിയതു് എത്ര സ്വാഭാവികം! പിന്നെയും ചിരാരാധനത്തിനു വിഷയമായിരുന്ന ദൈവം ഭക്തയെ സന്തോഷിപ്പിക്കുന്നതിനു പ്രത്യക്ഷമാകുവാൻ പ്രസാദിച്ചുവല്ലോ എന്ന വിചാരം ഉയൻവന്നു.

ആ യുവതിയുടെ ഹൃദയസംരംഭം വണ്ണിക്കുവാൻ ഞാൻ സമത്ഥനല്ല. തൻെറ ധാർഷ്ട്യത്തെക്കുറിച്ചു് രാധ അല്പം അത്ഭുതപ്പെട്ടു എന്നുമാത്രം പറയാം.

അവളുടെ അധരപുടങ്ങളിൽനിന്നു പുറപ്പെട്ടപ്പോഠം, ഒരു അധികാരച്ഛായ ആ സ്വരത്തിനുണ്ടായിരുന്നു—അധികാരമുള്ള ഒരു കാമുകനെ പരിഹസിക്കുന്ന ഒരു ഛായ ഉണ്ടായിരുന്നു.

വാസ്തവത്തിൽ രുഗ്മിണീകുമാർ ഒന്നു ലജ്ജിച്ചതുപോലെ തോന്നി.

രുഗ്മിണീകുമാർ: "ഞാൻ ആ കാര്യം പറയുവാൻ ഭാവിക്കുകയായിരുന്നു. നിങ്ങളെ കണ്ടപ്പോഠം വളരെക്കാലം മുൻപു് പരിചയപ്പെട്ട ആ ബാലികയുടെ സ്മരണ എനിക്കുണ്ടായി. തമോവൃതമായ രാത്രിയിൽ മിന്നാമിനുങ്ങിൻെറ തിളക്കംപോലെ, എൻെറ മുൻപിൽ പ്രശോഭിക്കുന്ന ഈ രാധാറാണി എൻെറ രാധാറാണിയായിരിക്കാം എന്നു് അവ്യക്തമായ ഒരാശ എനിക്കു ജനിച്ചു!"

"നിങ്ങളുടെ രാധാറാണി!" എന്നു കോപം നടിച്ചുകൊണ്ടു് പരിഹാസസ്വരത്തിൽ ഭർത്സിച്ചപ്പോഠം അവഠംക്കു ചിരിയടക്കുവാൻ വളരെ ബുദ്ധിമുട്ടേണ്ടിവന്നു.

രുഗ്മിണീകുമാർബാബു ആ കോമളസ്വരത്തിലുണ്ടായിരുന്ന അത്ഥഗർഭമായ മാർദ്ദവം ഗ്രഹിക്കാതിരുന്നില്ല.

"അതെ," അദ്ദേഹം പറഞ്ഞു: "എൻെറ

രാധാറാണി തന്നെ. ഒരിക്കലേ കണ്ടിട്ടുള്ളൂ—എനിക്ക് വാസ്തവത്തിൽ അവളെ കണ്ടു എന്നു പറയാമെങ്കിൽ. അത്രയ്ക്കു് കൊടുങ്കാറ്റും കൂരിരുട്ടും ഉള്ളതായിരുന്നു ആ രാത്രി. എട്ടു സംവത്സരം കഴിഞ്ഞിരിക്കുന്നു. എങ്കിലും, എനിക്കു തെറ്റു പററിയിട്ടില്ലെന്നുറപ്പുണ്ടു്. എൻെറ രാധാറാണിതന്നെ."

കുറച്ചുകൂടി ഗൗരവം കലന്ന സ്വരത്തിൽ യുവതി ചോദിച്ചു: "ശരി, അതു് താങ്കളുടെ രാധാറാണി തന്നെയാണെന്നിരിക്കട്ടെ. എന്നാലെന്താണു്?"

രുഗ്മിണീകുമാർ തുടൻ: "ആ പഴയ കൂട്ടുകാരി തന്നെയായിരിക്കുമെന്നുള്ള ആഗ്രഹത്താൽ മാത്രമാണു് ഞാൻ കാമാഖ്യബാബുവിൻെറ പുത്രനോടു് ആരാണീ രാധാറാണി എന്നു ചോദിച്ചതു്. എന്തോ കാരണത്താൽ അതിനെക്കുറിച്ചു വിസ്തരിക്കുന്നതിനു് അദ്ദേഹം വൈമുഖ്യം ഭാവിച്ചു. ആ സ്ഥിതിക്കു നിർബ്ബന്ധിച്ചു ചോദിക്കുന്നതു് അപമര്യാദയായിരിക്കുമെന്നു ഞാൻ കരുതി. എന്നാലും, രാധാറാണി, എന്തുകൊണ്ടാണു് രുഗ്മിണീകുമാറിനെ അന്വേഷിച്ചതു് എന്നു ചോദിക്കുവാൻ ഞാൻ ധൈര്യപ്പെടാതിരുന്നില്ല. ആവശ്യം വരുന്നപക്ഷം, ചില വിവരങ്ങൾ തരുവാൻ എനിക്കു സാധിക്കും എന്നു് അദ്ദേഹത്തെ അറിയിക്കുകയും ചെയ്തു. ഈ സംഗതിയെക്കുറിച്ചു്

എനിക്കു് ഒന്നും അറിവില്ല എന്നായിരുന്നു മറുപടി. അദ്ദേഹത്തിൻെറ പരേതനായ പിതാവു്, ഗോപ്യമായ ഒരു കാര്യമായിട്ടാണു് അതു വെച്ചിരുന്നതു്. തൻെറ സഹോദരിക്കു ചിലതെല്ലാം അറിയാമെന്നും വിവരങ്ങൾ നൽകുവാൻ സാധിക്കുമെന്നറിയുന്ന സ്ഥിതിക്കു താൻ അവരോടു ചോദിക്കാമെന്നും അദ്ദേഹം ഗ്രഹിപ്പിച്ചു.

"ആ സ്നേഹിതൻ ഗൃഹാന്തർഭാഗത്തുനിന്നു് ഒരെഴുത്തുംകൊണ്ടാണു തിരിച്ചുവന്നതു്. അതുതന്നെയാണു് എൻെറ വിശ്വസനീയതയ്ക്കും മാന്യതയ്ക്കും തെളിവായി അല്പം മുൻപു് ഇവിടെ തന്ന സന്ദേശവും. വ്യക്തമായ ഒരറിവും തരുവാൻ അവർ ഒരുക്കമുണ്ടായിരുന്നില്ല. ഈ എഴുത്തു് നേരിട്ടു് ഇവിടെ കൊണ്ടുവന്നു തരുവാൻ ആണു് നിർബ്ബന്ധിച്ചതു്. ആ മാന്യ പറഞ്ഞതുപോലെ ഞാൻ പ്രവർത്തിച്ചു. ഇതിൽ ഞാൻ അപരാധമൊന്നും പ്രവർത്തിച്ചിട്ടില്ലല്ലോ."

രാധാറാണി: "തീർച്ചയായിട്ടും താങ്കൾ എൻെറ നേരെ അപരാധം ചെയ്തിട്ടുണ്ടു്. താങ്കളുടെ കുററത്തിൻെറ സ്വഭാവം പക്ഷേ, ഞാൻ ഇനിയൊരവസരത്തിൽ പറയാം. തല്ക്കാലം ഇത്രമാത്രമേ പറവാനുള്ളു. എന്നെ കാണുവാൻ താങ്കളെ പ്രേരിപ്പിച്ചിട്ടുള്ളതു് ഒരു വലിയ തെററിദ്ധാരണയാണു്. താങ്കൾക്കു് ഇത്രവളരെ പറയുവാൻ സന്തോഷമുണ്ടായ ആ

രാധാറാണി ആരാണെന്നു് എനിക്കറിഞ്ഞുകൂടാ. എന്നാൽ രണ്ടുപേരുടേയും സന്ദശ്നകഥ വിവരിച്ചു പറഞ്ഞാൽ എനിക്കു വല്ല വിവരവും കൂട്ടതലായി നൽകുവാൻ സാധിച്ചെന്നു വരാം:"

രഥോത്സവത്തിനു സംഭവിച്ച വിഘ്നവും, ആ ചെറിയ പെൺകുട്ടിക്കുണ്ടായ ആശാഭംഗവും ഭയവും, വഴിയരികിലുള്ള ചെറുകുടിലിലെത്തുവാൻ അവൾക്കു ചെയ്തുകൊടുത്ത സഹായവും രുഗ്മിണീകുമാർ വിവരിച്ചു. താൻ പ്രദർശിപ്പിച്ച ദയയും ഔദാര്യവും മാത്രം അദ്ദേഹം പറകയുണ്ടായില്ല.

രാധാറാണി: "ഞാൻ ഈ ചോദ്യം ചോദിച്ചതു് ഒരപരിചിതനോടു് അയാൾക്കു് എവിടെയാണു തെററുപററിയതു് എന്നു പറയുവാൻ ധൈര്യം തേടുന്നതിനു കഴിയുമോ എന്നു നോക്കുവാനാണു്. എനിക്കു് അതിനു ധൈര്യം വരുന്നില്ല, താങ്കൾ ക്ഷമിക്കണമല്ലൊ. കഥയിൽനിന്നു തീരുമാനിക്കയാണെങ്കിൽ, ദയയും മഹാമനസ്കതയും പോരാത്ത ഒരു മനുഷ്യനാണു് എൻെറ മുൻപിലിരിക്കുന്നതു്. ദയാലുവായിരുന്നെങ്കിൽ, ആ അമ്മയ്ക്കും മകൾക്കും അവരുടെ അശരണാവസ്ഥയിൽ എന്തെങ്കിലും സഹായം താങ്കൾ ചെയ്യുമായിരുന്നില്ലേ?

രുഗ്മിണീകുമാർ: "എനിക്കു് അവരെ കേമമായി ട്ടൊന്നും സഹായിക്കുവാൻ സാധിച്ചില്ലെന്നുള്ളതു പരമാൎത്ഥംതന്നെ. ഞാൻ രഥോത്സവം കാണുവാൻ വഞ്ചിവഴിക്കാണു് അവിടെ എത്തിച്ചേൎന്നതു്. പതിവുപോലെ പേരും വേഷവും മാറിയിട്ടായിരുന്നു അന്നത്തേയും യാത്ര. ഉച്ചയായപ്പോൾ കൊടുങ്കാററും വലിയ മഴയും തുടങ്ങി. കുറേശ്ശെ വെള്ളം കേറുന്ന ഒരു തോണിയിൽ കഴിച്ചുകൂട്ടുവാൻ എനിക്കു ധൈൎയ്യമുണ്ടായിരുന്നില്ല. കരയ്ക്കു് ഇറങ്ങി കൊടുങ്കാററത്തു് നിൎഭയം നടക്കുകയായിരിക്കും നല്ലതെന്നു് എനിക്കു തോന്നി. എൻെറ കൈയിൽ ചില്ലറ വളരെ കുറച്ചേ ഉണ്ടായിരുന്നുള്ളു. അതു ഞാൻ അവൾക്കു കൊടുത്തു. എൻെറ പുതിയ സുഹൃത്തുക്കളെക്കുറിച്ചു കൂടുതൽ അന്വേഷിക്കുവാൻ അടുത്തദിവസം കാലത്തു വരണമെന്നായിരുന്നു വിചാരം. പക്ഷെ, അന്നു രാത്രി തന്നെ എൻെറ അച്ഛൻ കാശിയിൽ അത്യന്തം സുഖക്കേടായി കിടക്കുകയാണെന്നു വൎത്തമാനം കിട്ടി. അന്നുതന്നെ ഞാൻ അങ്ങോട്ടു പുറപ്പെടുകയുംചെയ്തു. ഒരു സംവത്സരത്തിലധികം കഴിഞ്ഞിട്ടാണു് ഞാൻ ആ പുണ്യസ്ഥലത്തുനിന്നു മടങ്ങിയതു്. ഭവനത്തിൽ എത്തിയ ഉടനെ ഞാൻ ആ ചെറിയ കുടിലിൽച്ചെന്നു് അന്വേഷിച്ചു. പക്ഷെ, അമ്മയും മകളും അവിടെനിന്നു പോയിരുന്നു.

രാധാറാണി: "ആ കൊച്ചു രാധാറാണിയോട്ട് നിങ്ങൾക്ക് അത്ര പ്രബലമായ സ്നേഹത്തിനു ഹേതു എന്താണെന്ന് എന്നോട്ട പറയുമോ? ഈദൃശസംഗതികളിൽ സ്ത്രീകൾക്കുള്ള ജിജ്ഞാസ അങ്ങ്ട് ക്ഷമിക്കുമല്ലോ. ആ കൊടുങ്കാററത്ത് മഴകൊണ്ടു നനഞ്ഞൊലിച്ചിരുന്ന അങ്ങ്ട് ആ യുവസുഹൃത്തിൻെറ വസതിയിൽ രക്ഷപ്രാപിച്ചു എന്നാണ് ഞാൻ വിചാരിക്കുന്നത്. എത്രനേരം അവിടെ താമസിച്ചു?"

രുഗ്മിണീകുമാർ: "ഏതാനും നിമിഷംമാത്രം. ആ പെൺകുട്ടി വിളക്കു കൊളുത്തുന്നതുവരെ നില്ക്കുവാൻ എന്നോട്ട പറഞ്ഞു. അവൾക്ക് ഒരു ജോഡി സാരി വാങ്ങുവാൻ സമീപത്തുള്ള അങ്ങാടിയിലേക്കു സൂത്രത്തിൽ പോകുന്നതിന് ആ സന്ദർഭം ഞാൻ ഉപയോഗപ്പെടുത്തി."

"അവൾക്കു വേറെ എന്തെങ്കിലും സമ്മാനിച്ചുവോ?"

"അതല്ലാതെ എനിക്ക് എന്താണ് കൊടുക്കുവാൻ കഴിയുക? ശരി, എനിക്ക് ഓർമ്മയുണ്ടു്. ഒരു നോട്ട് എൻെറ കൈയിലുണ്ടായിരുന്നു. അതു ഞാൻ ആ കുടിലിൽ ഇട്ടിട്ടാണു പോയത്."

"ഒരു നിമിഷം അങ്ങ് ക്ഷമിക്കുമോ? ഞാൻ ഇപ്പോൾ വരാം."

രാധാറാണി എന്തിനാണു പോയതെന്ന് രുഗ്മിണീകുമാറിനു മനസ്സിലായില്ല. അവൾ ഇത്രകാലവും ആ അഞ്ചുരൂപ്പികനോട്ട് സൂക്ഷിച്ചുവെച്ചിരിക്കുകയായിരുന്നു.

# അദ്ധ്യായം 14

ആ നോട്ട് എടുത്തുകൊണ്ടു തിരിയെ വന്നതി നുശേഷം രാധ സംഭാഷണം തുടൎന്നു: “രണ്ടു സാധു പ്പെണ്ണുങ്ങളുടെ അടുത്തു് ആ നോട്ട് ഇട്ടിട്ടുപോയതു ബുദ്ധിപൂൎവ്വകമായ പ്രവൃത്തിയായിരുന്നില്ലതന്നെ. താങ്കളുടെ കൈയിൽനിന്നു് അറിയാതെ പോയതാ യിരിക്കുമെന്നു് അവർ വിചാരിക്കയില്ലേ?”

“അങ്ങനെയല്ല. ഞാൻ അതിൻെറ പുറത്തു് ‘രാധാറാണിക്കു്’ എന്നു പെൻസിൽകൊണ്ടു് എഴു തിയിട്ടുണ്ടായിരുന്നു. എൻെറ വ്യാജനാമവും കുറിച്ചി ട്ടുണ്ടായിരുന്നു. അല്ലെങ്കിൽ എൻെറ പുതിയ സുഹൃ ത്തുക്കൾ എന്നെ അന്വേഷിക്കണമെന്നു വിചാരി ക്കുമെന്നാണു് ഞാൻ ശങ്കിച്ചതു്. അവൎക്കു് ആ ബുദ്ധി മുട്ടു കൂടാതെ കഴിക്കണമെന്നു് ഞാൻ ആശിച്ചു.”

“ഹാ! അന്നു ചെയ്ത ക്രൂരമായ അപരാധം അതാ ണു്. കൃതജ്ഞയായ ഒരു ബാലികയ്ക്കു് ഉപകാരംചെ യ്ത ആളെ ഇത്രയും കാലം സ്മരിക്കുവാൻ ഒരവസരം കൊടുക്കാതിരിക്കുന്നതു് നിൎദ്ദയമായ കൃത്യമായിരി ക്കുമെന്നു് അങ്ങു വിചാരിച്ചിട്ടില്ലേ? ഇപ്പോൾ ആലോചിച്ചുനോക്കു. ആപത്തിൽ സഹായിച്ച

സ്നേഹിതനെ അന്വേഷിക്കേണ്ട ഭാരം അങ്ങയുടെ രാധാറാണിക്കു് ഉണ്ടായിരുന്നുവോ എന്നു്." ഇങ്ങനെ പറഞ്ഞുകൊണ്ടു് ആ നോട്ടു് അദ്ദേഹത്തിൻെറ കൈയിൽ സമപ്പിക്കുകയും അവൾ പാദങ്ങളിൽ നമസ്കരിക്കുകയും ചെയ്തു.

"അന്നു് അങ്ങയുടെ ദയ എൻെറ അമ്മയുടെ ജീവിതത്തെ രക്ഷിച്ചു. ഈ ക്രൂരമായ ലോകത്തിൽ അങ്ങയോടുമാത്രമേ എനിക്കു ഭക്ത്യാദരങ്ങൾ നിവേദിപ്പിക്കുവാനുള്ളു."

ആ സ്തോഭജനകമായ സന്ദശനത്തിൽനിന്നു ജനിച്ച വികാരപാരവശ്യത്തിൽനിന്നു് ആ യുവതീയുവാക്കന്മാർ അല്പം മുക്തരായപ്പോൾ രാധാറാണി പറഞ്ഞു: "അവിടത്തെ പേരു വാസ്തവത്തിൽ രുഗ്മിണീകുമാർ എന്നല്ലെന്നു പറഞ്ഞുവല്ലോ. അവിടത്തെ വിനീതദാസി, ഉപകാരം ചെയ്ത ആ ആളെ എന്തു പേരുകൊണ്ടാണു വിളിക്കേണ്ടതു്?"

"മാന്യയുവതീ! 'ദേവേന്ദ്രനാഥ റെ' എന്നാണു് എൻെറ പേരു്."

"രാജാ ദേവേന്ദ്രനാഥറെയെപ്പററി ആളുകൾ സംസാരിക്കുന്നതു ഞാൻ കേട്ടിട്ടുണ്ടു്."

"ഈ നാട്ടുകാർ എനിക്കു് അങ്ങനെ ഒരു സ്ഥാനം തന്നിട്ടുണ്ടു്. ഭവതി എന്നെ 'കുമാർ

ദേവേന്ദ്രനാഥ റെ' എന്നു വിളിച്ചാൽ എനിക്കു ധാരാളം ബഹുമാനമായി."

"അങ്ങനെയാണെങ്കിൽ സാഹസികമായ ഒരപേക്ഷചെയ്യുവാൻ ഞാൻ ധൈര്യപ്പെടുന്നു. നമ്മൾ സജാതീയരാണെന്നു് അറിയുന്നതുകൊണ്ടു് എനിക്കു് ഉപകാരം ചെയ്ത ദയാലു ഇന്നു് എൻെറ ആതിഥ്യം സ്വീകരിക്കുമെന്നു് ആശിക്കട്ടെയോ?"

രാജാവു് ദയാപൂർവ്വം മറുപടി നല്കി: "ഭവതിയുടെ ആഗ്രഹം ആകകൊണ്ടു് ഇന്നു് ഇവിടെ ഭക്ഷണം കഴിക്കാതെ പോകുന്നതു് എനിക്കു തീരെ സന്തോഷമായിരിക്കയില്ല."

രാധയ്ക്കുണ്ടായ ആനന്ദത്തിനു് അതിരില്ലായിരുന്നു. പുരുഷന്മാക്കു് ഇരിക്കുവാനുള്ള മുറിയിലേക്കു് അവളുടെ നിർദ്ദേശപ്രകാരം കാര്യസ്ഥൻ ആ യുവാവിനെ കൊണ്ടുപോയി; അദ്ദേഹത്തിനു വേണ്ട സൗകര്യങ്ങളെല്ലാം നൽകുകയും ചെയ്തു. രാധതന്നെയാണു് തക്കസമയത്തു് അദ്ദേഹത്തിനു ഭക്ഷണപദാത്ഥങ്ങൾ കൊണ്ടുപോയി വിളമ്പിയതു്.

# അദ്ധ്യായം 15

ആഹാരം കഴിഞ്ഞു് വിശ്രമിക്കുമ്പോൾ രാധാറാണി പറഞ്ഞു: "എനിക്കു് ഉപകാരം ചെയ്തിട്ടുള്ള പുരുഷനോടു നന്ദി കാണിക്കുകയും ബഹുമാനം പ്രദർശിപ്പിക്കുകയും ചെയ്യുന്നതുകൊണ്ടു് സംതൃപ്തി പ്രാപിക്കുവാൻ ഇടവരണം എന്നു വളരെക്കാലമായി ഞാൻ ആഗ്രഹിച്ചുകൊണ്ടിരിക്കുന്നതാണു്. ഞാൻ ഒരു ചെറിയ സമ്മാനം വെച്ചിട്ടുണ്ടു്. അതു് അവിടുന്നു സ്വീകരിക്കണം. ഈ മുത്തുമാല വളരെ വിലപിടിച്ചതല്ല. എങ്കിലും അവിടുത്തെ മാന്യപത്നി, അവിടുത്തെ കുടുംബത്തോടു കൃതജ്ഞത തോന്നുവാൻ കാരണമുള്ള ഒരാളോടു കാണിക്കുന്ന പ്രീതി എന്ന നിലയിൽ ഇതു ധരിക്കുവാൻ സമ്മതിക്കുമായിരിക്കാം."

ഇങ്ങനെ പറഞ്ഞുകൊണ്ടു് രാധാറാണി അതിഥിക്കു് നിർമ്മലമായ ആകാശത്തിൽ മിന്നിത്തിളങ്ങുന്ന നക്ഷത്രങ്ങളെപ്പോലെ ശോഭിക്കുന്ന ഒരു ഹാരം സമ്മാനിച്ചു.

രാജാ: മാന്യയുവതീ! ഞാൻ ബാല്യത്തിൽ വിവാഹംചെയ്ത എന്റെ പത്നി മരിച്ചിട്ടു പത്തു

സംവത്സരമായി. പിന്നെ ഞാൻ ഒരിക്കലും വിവാഹം ചെയ്തിട്ടില്ല.

രാധാറാണി സന്തോഷപരവശയായി. അവളുടെ സംരംഭങ്ങളെ അടക്കുവാൻ അവൾ പണിപ്പെട്ടു. പക്ഷേ, ഒച്ച ഇടറിക്കൊണ്ട് അത്യാഗ്രഹം സ്ഫുരിക്കുന്ന സ്വരത്തിലാണ് അവൾ സംഭാഷണം തുടന്നതു്. "എന്നാലും, അവിടത്തെ ഭൃത്യ തയ്യാറാക്കിയ ഒരു സമ്മാനം എന്ന നിലയിൽ ഈ മാല, അങ്ങ് സ്വീകരിക്കണം. അവിടത്തെ മഹനീയമായ കണ്ഠത്തിൽ ഈ തുച്ഛമായ മാല ഇടുന്നതിനു് അവിടുന്നു ദയാപൂർവ്വം എനിക്കു് സമ്മതം തരുമോ?" ഇങ്ങനെ പറഞ്ഞുകൊണ്ട് ആ യുവതി ആ വിലപിടിച്ചതും മിന്നിത്തിളങ്ങുന്നതും ആയ ആഭരണം രാജാവിൻെറ കഴുത്തിൽ സമപ്പിച്ചപ്പോൾ അവളുടെ മുഖത്തു ലജ്ജാമധുരമായ ഒരു പുഞ്ചിരി പ്രത്യക്ഷമായിരുന്നു.

അത്ര ആഡംബരം തോന്നിക്കുന്ന ഒരു ആഭരണം അണിഞ്ഞിരിക്കുന്നതു കണ്ടു് ദേവേന്ദ്രനാഥ് ചിരിച്ചു.

"ഈ മനോഹരമായ മാല വാസ്തവത്തിൽ എൻെറതാണോ?" എന്നു് അദ്ദേഹം ചോദിച്ചു.

രാധാറാണി: അവിടുന്നു് അതു് സന്തോഷപൂർവ്വം സ്വീകരിക്കുന്നപക്ഷം—

"ഞാൻ ഇതു് സ്വീകരിക്കുന്നു," അദ്ദേഹം ഉത്തരം പറഞ്ഞു. "ഇപ്പോൾ ഇതു് എൻെറയാകകൊണ്ടു് ഞാൻ വിചാരിക്കുന്ന ആൾക്കു് ഇതു കൊടുക്കട്ടെ?"

"അവിടുന്നു ധരിക്കുവാൻമാത്രം യോഗ്യതയില്ലാത്തതു് ഉചിതനായ ഒരാൾക്കു കൊടുക്കാം. അങ്ങനെയാണു് രാജാക്കന്മാരുടെ പതിവു്."

"ഈ മുത്തുമാല എനിക്കു യോജിച്ചതല്ല. അല്ലെങ്കിൽ ഇതു ധരിക്കുവാനുള്ള യോഗ്യത എനിക്കാണു് ഇല്ലാത്തതു്. ഇത്ര സുന്ദരമായ ആഭരണം അണിയുന്നതിനുള്ള സൗന്ദര്യം ഭവതിക്കു മാത്രമേയുള്ളു. ഞാൻ ഇതു് അങ്ങോട്ടു സമ്മാനിക്കട്ടെ!"

പണ്ടു് ഈ രീതിയിൽ മാലകൾ അന്യോന്യം മാറുന്നതുകൊണ്ടു് വധൂവരന്മാരുടെ വിവാഹനിശ്ചയം നടത്തുക പതിവാണു്. രാധയുടെ മോഹനമായ കഴുത്തിൽ രാജാവു് ആ മാല അണിയിച്ചു.

രാധാറാണിക്കു് ഒട്ടും വൈമനസ്യം തോന്നിയില്ല. അവൾ ഒരു നിമിഷത്തേക്കു തലതാഴ്ത്തി നിന്നു. അനന്തരം നേരംപോക്കോടുകൂടി അർത്ഥഗർഭമായ കണ്ണുകൾ അദ്ദേഹത്തിൻെറ നേരെ പതിപ്പിച്ചു.

അദ്ദേഹത്തിനു് അന്തർഗ്ഗതം മനസ്സിലായി.

"എനിക്കു് ആ മാല സ്വീകരിക്കുവാൻ വയ്യ. അതുകൊണ്ടാണു് ഞാൻ അങ്ങോട്ടു തന്നതെന്നു് അറിയാമല്ലോ. മറെറാരു മാല എനിക്കു തരുമോ?"

"ഏതു മാല?"

"ആ മാറത്തു കിടക്കുന്ന മാല."

രാധാറാണി ഭൃത്യയെ വിളിച്ചു. "ചിത്രേ! നീ അവിടെ ഇല്ലേ?" വാസ്തവത്തിൽ അവരം അത്ഭുതകരങ്ങളായ ഈ ചേഷ്ടകളെല്ലാം ഉററുനോക്കിക്കൊണ്ടു മറവിൽ നില്ക്കുകയായിരുന്നു. "ഞാൻ ഇവിടെയുണ്ടു്," എന്നു് അവരം വിളിച്ചുപറഞ്ഞു.

രാധാറാണി: "നിൻെറ ശംഖു് എവിടെ?" (മംഗളാവസരങ്ങളിൽ സ്ത്രീകരം ശംഖനാദം മുഴക്കുന്നതു് ബങ്കാളിലെ പതിവാണു്.)

ചിത്ര: "ഇവിടെയുണ്ടു്."

രാധാറാണി: "കൊള്ളാം, ആകാവുന്നിടത്തോളം ഉറക്കെ വിളിക്കു."

അനന്തരം അന്തസ്സും സൗഭാഗ്യവും സ്ഫുരിക്കുന്ന ആ യുവതി പുഞ്ചിരി തൂകിക്കൊണ്ടു് മാല മാറിൽ നിന്നു് ഊരിയെടുത്തു് ആ കാമുകൻെറ കണ്ഠത്തിൽ അപ്പിച്ചു. അതിപ്രധാനമായ ഒരു സംഭവം നടന്നു

എന്നു മററുള്ളവരെ അറിയിക്കുവാൻ ചിത്ര മംഗള നാദം മുഴക്കി.

*　　　*　　　*

അവരുടെ വിവാഹം ഉചിതങ്ങളായ ചടങ്ങുകളോടുകൂടി കെങ്കേമമായിട്ടു നടത്തി എന്നു പറയേണ്ടതില്ലല്ലോ. വസന്ത, അവളുടെ സഹോദരന്മാർ, രാജാവിൻെറ ആളുകൾ, എല്ലാവരും അതിൽ ആഹ്ലാദത്തോടുകൂടി പങ്കുകൊണ്ടു.

★

JAWAHAR SMARAKA GRANDHASALA
Reg: No. 3273
KIDARAKKUZHI, VEN

Very good novel
V.L.K

Very very Story

1187

കുട്ടികൾക്കുവേണ്ടി

മഹാകവി ജി

എഴുതിയ ഒരു കഥാപുസ്തകം

# രാധാറാണി

ഒരു കൊച്ചു കുടിലിൽ രോഗിയായ ഒരമ്മയും അവരുടെ ഏകപുത്രി രാധയും താമസിച്ചിരുന്നു. ഒരുകാലത്തു് അവർ വലിയ സ്വത്തുകാരായിരുന്നെങ്കിലും വിധിവൈപരീത്യത്താൽ വളരെ ദരിദ്രരായിപ്പോയി. അമ്മയ്ക്കു മരുന്നു വാങ്ങാൻപോലും കാശില്ലാതെ വിഷമിക്കുന്ന രാധ ഒരു പൂമാല കോർത്തു് രഥോത്സവം കാണാൻ വരുന്ന ആളുകൾക്കു് അതു വിൽക്കാൻവേണ്ടി പോകുന്നു. പക്ഷേ, കൊടുങ്കാററും മഴയും വരികയാൽ രഥോത്സവം നടന്നില്ല. ആളുകളൊന്നും വന്നില്ല. ഇരുട്ടത്തും മഴയത്തും ഏകാകിനിയായി സങ്കടപ്പെട്ടു് അവൾ മടങ്ങിവരുമ്പോൾ ഒരു അപരിചിതൻ അവളെ കണ്ടുമുട്ടുന്നു. അയാൾ ആ മാല വാങ്ങുക മാത്രമല്ല മററു വിധത്തിലും സഹായിക്കുന്നു. എങ്കിലും പെട്ടെന്നു് അപ്രത്യക്ഷനാകുന്നു. 'രുഗ്മിണികുമാർ റേ' എന്നാണു് അയാളുടെ പേർ എന്നു മാത്രം അവൾക്കു മനസ്സിലായി.

പിന്നീടു് രാധാറാണിക്കും അമ്മയ്ക്കും അവരുടെ സ്വത്തുക്കൾ വീണ്ടുകിട്ടി. അമ്മ മരിച്ചു. രാധാറാണിക്കു പ്രായമായി. വിവാഹാലോചനകൾ വന്നുതുടങ്ങി. പക്ഷേ, രുഗ്മിണികുമാർ റേ എന്ന ആളെ മാത്രമേ വിവാഹം കഴിക്കുകയുള്ളു എന്നാണു് രാധയുടെ നിശ്ചയം. ആരാണു് രുഗ്മിണികുമാർ റേ? ആർക്കും അറിഞ്ഞുകൂടാ. എങ്കിലും അന്വേഷണം തുടരുന്നു.....ഒടുക്കം അവർ കണ്ടുമുട്ടുകയും ചെയ്യുന്നു.

നാഷനൽ ബുക്ക്സ്റ്റാൾ

കോട്ടയം തിരുവനന്തപുരം എറണാകുളം തൃശ്ശൂർ

# രാധാറാണി

RADHARANI

ജി. ശങ്കരക്കുറുപ്പ്

SAHITYA PRAVARTHAKA C.S. LTD. KOTTAYAM

1187



Indic Digital Archive Foundation
gpura.org